VOL NO: 04 | ISSUE 48
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 NOVEMBER 28 | 1442 RABIUL AKHIR 13 | ₹12

വാരിക

## മുസ്‌ലിം ബ്രദർഹുഡ്: ഗൾഫ് രാഷ്ട്രങ്ങൾ നിലപാട് കടുപ്പിക്കുമ്പോൾ

മധ്യ പൂർവേഷ്യൻ രാജ്യങ്ങളിലെ മുസ്‌ലിംകൾക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും തീവ്ര രാഷ്ട്രീയ ചിന്തകൾ കുത്തിവെക്കുന്നതിനും അതിന് താത്വികമായ അടിത്തറ പാകുന്നതിനും മുൻപന്തിയിൽ നിന്ന പ്രസ്ഥാനമാണ് മുസ്‌ലിം ബ്രദർഹുഡ്. അതതു കാലത്തെ ഭരണകൂടങ്ങളുടെ നിയന്ത്രണങ്ങൾ മറികടന്ന് സാമൂഹികഛിദ്രതക്ക് ആക്കംകൂട്ടിയിരുന്ന ഇവരുടെ പ്രവർത്തനങ്ങൾക്ക് ഒടുവിൽ കൂച്ചുവിലങ്ങിട്ടിരിക്കുകയാണ് ഗൾഫ് രാഷ്ട്രങ്ങൾ. മുസ്‌ലിം ലോകത്ത് ഇതുണ്ടാക്കിയേക്കാവുന്ന പരിവർത്തനങ്ങൾ എന്തൊക്കെയാണ്?

|| ഒഴുക്കിനെതിരെ നീന്തുക
|| അടുത്തടുത്ത മരണങ്ങൾ
|| പ്രജനനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ



## ജനരോഷം നിഷ്പ്രഭമാക്കിയ കരിനിയമം

വിവാദങ്ങൾക്ക് വഴിവെച്ച പോലീസ് ആക്റ്റ് ഭേദഗതി നിയമം നടപ്പാക്കില്ലെന്ന് സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിച്ചത് ജനാധിപത്യ പ്രതിരോധത്തിന്റെ വിജയമാണ്. അതേസമയം സൈബർ സ്പേസിലടക്കം നടക്കുന്ന വ്യക്തിഹത്യകളെയും ഭത്സനങ്ങളെയും തടയിടാൻ പറ്റിയ കുറ്റമറ്റ നിയമനിർമാണം സാധ്യമായേ മതിയാവൂ.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0202 / 2020 നവംബർ 28 / 1442 റബീഉൽ ആഖിർ 13 / പുസ്തകം 04 / ലക്കം 48





# മുസ്‌ലിം ബ്രദർഹുഡ്: ഗൾഫ് രാഷ്ട്രങ്ങൾ നിലപാട് കടുപ്പിക്കുമ്പോൾ

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ / 10


**മുഖമൊഴി**

ഒഴുക്കിനെതിരെ നീന്തുക / 05

**കവിത**

പെണ്ണ് / 06
ഫാത്വിമ വഹീദ

**ക്വുർആൻ ദർശനം**

ഹശ്ർ (തുരത്തിയോടിക്കൽ) / 22
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**

അർശിന്റെ തണൽ / 26
നസീമ വാടാനപ്പള്ളി

**ലേഖനം**

ജനരോഷം നിഷ്പ്രഭമാക്കിയ കരിനിയമം / 10
നബീൽ പയ്യോളി

സ്ത്രീപ്രജനനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ / 18
ഡോ. ജൗസൽ

സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ / 28
ദുൽക്കർഷാൻ അലനല്ലൂർ

**കാഴ്ച**

അടുത്തടുത്ത മരണങ്ങൾ / 34
ഇബ്‌നു അലി എടത്തനാട്ടുകര



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# പൗരാവകാശങ്ങൾ ലംഘിക്കുന്ന നിയമനിർമാണങ്ങൾക്കെതിരെ പ്രതിരോധം തീർക്കണം: വിസ്ഡം യൂത്ത്

മലപ്പുറം: മതപരിവർത്തന വിരുദ്ധ നിയമനിർമാണങ്ങളുടെ ഭാഗമായി ഉത്തർപ്രദേശ് ഭരണകൂടം കൊണ്ടുവരുന്ന 'ആൻറി ലൗ ജിഹാദ് ബിൽ' പൗരാവകാശങ്ങൾക്ക് വെല്ലുവിളിയാണെന്നും ഇത്തരം ഭരണകൂട വർഗീയ നിലപാടുകൾക്കെതിരെ ശക്തമായ ജനാധിപത്യ പ്രതിരോധം തീർക്കാൻ എല്ലാവരും തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'ഇസ്‌ലാമോഫോബിയ: വെറുപ്പിന്റ വ്യാപാരം' എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച 'ഡയലോഗ്' വൈജ്ഞാനിക സംഗമം ആവശ്യപ്പെട്ടു. ഇല്ലാത്ത ഒരു കാര്യം ഉണ്ടെന്നുവരുത്തിത്തീർത്ത് ഒരു പ്രത്യേകവിഭാഗം ജനതയുടെ മൗലികാവകാശങ്ങളെ ഹനിക്കാനുള്ള ഹീനമായ ശ്രമത്തിന്റെ ഭാഗമാണിത്.

ഇന്ത്യയിലെ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ കാരണം പ്രചരിപ്പിക്കപ്പെട്ട വെറുപ്പും ഇസ്‌ലാം പേടിയുമാണ് എന്ന് ശ്രീ. രവീന്ദർ സച്ചാർ തന്നെ തന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വികസിക്കേണ്ട ഒരു രാജ്യത്തെ ജനലക്ഷങ്ങൾ എന്നും പിന്നാക്കക്കാരായി നിൽക്കുമ്പോൾ നഷ്ടം രാജ്യത്തിനുകൂടിയാണ്.

ഇസ്‌ലാമോഫോബിയ: വെറുപ്പിന്റ വ്യാപാരം എന്ന തലക്കെട്ടിൽ വിസ്ഡം യൂത്ത് സംസ്ഥാന സമിതി രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച 'ഡയലോഗ് ' വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി മോഡറേറ്ററായിരുന്നു. അബൂബക്കർ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, റഷീദ് കുട്ടമ്പൂർ, നിഷാദ് സലഫി, അബ്ദുൽ മാലിക് സലഫി, മുജാഹിദ് ബാലുശേരി, ഡോ: അബ്ദുല്ലാ ബാസിൽ പ്രസംഗിച്ചു.

# മെഡിക്കൽ ഫീസ് വർധനവ് അംഗീകരിക്കരുത്: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: മെഡിക്കൽ സീറ്റുകൾക്ക് അനിയന്ത്രിയമായി ഫീസ് വർധിപ്പിക്കാനുള്ള നീക്കം അനുവദിക്കരുതെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച പതിനൊന്നാമത് 'ഇല്ലുമിന' മെഡിക്കൽ വിദ്യാർഥി സമ്മേളനം അഭിപ്രായപ്പെട്ടു. സർക്കാർ നിശ്ചയിച്ച അഡ്മിഷൻ സൂപ്പർവൈസറി ഫീ റഗുലേറ്ററി കമ്മിറ്റി പുതുതായി നിർദേശിച്ച സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് താങ്ങാവുന്നതിലധികമാണ്. മെഡിക്കൽ പഠനമെന്ന സ്വപ്നം ഉപേക്ഷിച്ച് മറ്റേതെങ്കിലും കോഴ്‌സിലേക്ക് മാറേണ്ട അവസ്ഥ വിദ്യാർഥികൾക്ക് ഇതുമൂലം സംജാതമാകും. ആരോഗ്യരംഗത്ത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കാവുന്ന വിദ്യാഭ്യാസ കച്ചവടത്തിന് പ്രോത്സാഹനമേകുന്ന ഈ തീരുമാനം പുനഃപരിശോധിക്കണം. ഇതിനാവശ്യമായ നടപടികൾ സർക്കാർ ജുഡീഷ്യറി തലങ്ങളിൽ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

കേരള ആരോഗ്യ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി ശഹബാസ്. കെ അബ്ബാസ് ആധ്യക്ഷ്യം വഹിച്ചു. എം.ഇ.എസ് മെഡിക്കൽ കോളേജ് അസി. പ്രൊഫ. ഡോ. അബ്ദുൽ ജലീൽ, അൽമാസ് ഹോസ്പിറ്റൽ ഓർത്തോപീഡിക് സർജൻ ഡോ. മുഹമ്മദ്കുട്ടി കണ്ണിയൻ, മൗലാന ഫാർമസി കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. നസീഫ് പി.പി, ഡോ. ജൗസൽ സി.പി, ഡോ. അബ്ദുൽ മാലിക് പി.പി തുടങ്ങിയവർ അതിഥികളായി സംബന്ധിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസി.അർഷദ് അൽഹികമി, ഭാരവാഹികളായ മുനവ്വർ കോട്ടക്കൽ, ഡോ. സി.പി അബ്ദുല്ല ബാസിൽ, സുഹൈൽ അബ്ദുസ്സമദ്, അബ്ദുൽ മുഇസ്സ്, ഉസാമ ബിൻ അബൂബക്കർ, എ.പി മുനവ്വർ സ്വലാഹി എന്നിവർ സംസാരിച്ചു.


**സ്കൂൾ ഓഫ് ഖുർആൻ പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

# ഒഴുക്കിനെതിരെ നീന്തുക

സത്യവും നീതിയും ന്യായവും ധർമവും മനുഷ്യർക്കിടയിൽനിന്നും ചോർന്നുപോയിക്കൊണ്ടിരിക്കുകയാണോ? കുടുംബ ബന്ധങ്ങളുടെ നിലനിൽപ്പു പോലും പണത്തിന്റെ അടിസ്ഥാനത്തിലായി മാറുകയാണോ? ജനാധിപത്യം പണാധിപത്യത്തിനു വഴി മാറുകയാണോ? ഭരണകൂടങ്ങൾ ഭരണീയരെ നിന്നുതിരിയാനാകാത്തവിധം വരിഞ്ഞുമുറുക്കുകയാണോ? ഇങ്ങനെ ചോദിക്കുവാൻ തുനിഞ്ഞാൽ ഒട്ടനവധി ചോദ്യങ്ങൾ ഉതിർന്നുവീഴും.

ലോകത്തും നമ്മുടെ രാജ്യത്തും നമ്മുടെ ചുറ്റുപാടുകളിലുമൊക്കെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ആരുടെയും മനസ്സിൽ ഇത്തരം ചോദ്യങ്ങൾ ഉടലെടുത്തേക്കാം. 'ഇതൊക്കെ പണ്ടേയുള്ളതു തന്നെയാണ്, ഇപ്പോഴായിട്ട് തുടങ്ങിയതൊന്നുമല്ല' എന്ന് വായിച്ചുതള്ളിയ ചരിത്രങ്ങളിൽനിന്നു കിട്ടിയ അറിവനുസരിച്ച് സ്വയം ആശ്വാസം കൊള്ളാൻ ശ്രമിക്കാം. ചരിത്രത്തിന്റെ ആവർത്തനമെന്ന് സമാധാനിക്കാം.

എന്നാൽ അങ്ങനെ സ്വയം സമാധാനിച്ച് അടിമ മനോഭാവത്തോടെ കാലംകഴിക്കുകയാണോ നാം ചെയ്യേണ്ടത്? സ്രഷ്ടാവു തന്ന വിശേഷബുദ്ധിയും ചിന്താശേഷിയും അറിവും കഴിവും അടിയറവെച്ചു ജീവിക്കുകയാണോ വേണ്ടത്? അതല്ല ഒഴുക്കിനെതിരെ നീന്തുകയോ? തിന്മകളുടെ കുത്തൊഴുക്കിനൊപ്പം പോകാൻ പണിയൊന്നുമില്ല. കിടന്നുകൊടുത്താൽ താനെ ഒഴുകിക്കൊള്ളും. എന്നാൽ എതിർദിശയിൽ നീന്തൽ ആയാസമേറിയതാണ്. അങ്ങനെയുള്ളവർക്കേ പരിവർത്തനത്തിന്റെ വഴിത്താരകൾ വെട്ടുവാൻ കഴിയൂ. അല്ലാഹു പറയുന്നു: "...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച..." (ക്വുർആൻ 13:11).

സത്യവിശ്വാസം ശക്തിയുടെ ഉറവിടമാണ്. സത്യവിശ്വാസി ഏതവസ്ഥയിലും ഉന്നതനും ശക്തനും തന്നെയായിരിക്കും. ഏത് പ്രതികൂല സാഹചര്യങ്ങളിലും പതറാതെയും പ്രശ്നങ്ങളെ അതിജയിച്ചും സദ്കർമനിരതനായിരിക്കാൻ സത്യവിശ്വാസം മനഷ്യനു കരുത്തേകും. സമൂഹത്തിൽ നിലനിൽക്കുന്ന പിഴച്ച മൂല്യങ്ങളോടും ദുഷിച്ച ആചാരങ്ങളോടും മനുഷ്യത്വരഹിതമായ നിയമങ്ങളോടും അക്രമങ്ങളോടും രാജിയാകാതെ നിലകൊള്ളുവാനും നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനുമുള്ള ആർജവം പകർന്നുതരുന്നത് ഈമാനാണ്. സ്വന്തത്തോടും മറ്റുള്ളവരോടും ചെയ്യുന്ന നന്മയും ഗുണകാംക്ഷയുമാണത്. ആ വഴിയിലുള്ള യാത്ര അത്ര സുഗമമായിരിക്കില്ല. ആ മാർഗത്തിൽ കാണുവാൻ കഴിയുക പൂക്കൾ വിതറിയ പരവതാനിയല്ല; കല്ലും മുള്ളും വിതറിയ കരിമ്പടങ്ങളായിക്കും. എതിർപ്പിന്റെ, പരിഹാസങ്ങളുടെ, അക്രമത്തിന്റെ കൂരമ്പുകൾ പാഞ്ഞുവന്നേക്കാം. ഇരുട്ടിന്റെ മിത്രങ്ങൾക്കെങ്ങനെ വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയും? അവരോടു നാമെന്തു പറയണമെന്ന് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്: "പറയുക: എന്റെ ജനങ്ങളേ, നിങ്ങളുടെ നിലപാടനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കുകതന്നെയാകുന്നു. എന്നാൽ വഴിയെ നിങ്ങൾ അറിയും; അപമാനകരമായ ശിക്ഷ വന്നെത്തുന്നതും ശാശ്വതമായ ശിക്ഷ വന്നിറങ്ങുന്നതും ആർക്കാണെന്ന്" (39:39-40).

നബിﷺ പറഞ്ഞു: "നിങ്ങൾ കൂടെക്കൂടികളാകരുത്. ആളുകൾ നല്ലകാര്യം ചെയ്യുമ്പോൾ ഞാനും നല്ല കാര്യം ചെയ്യും; അവർ ദുഷ്പ്രവൃത്തി ചെയ്യുമ്പോൾ ഞാനും ദുഷ്പ്രവൃത്തി ചെയ്യും എന്ന നിലപാടെടുക്കരുത്. ജനങ്ങൾ നന്മചെയ്യുമ്പോൾ മാത്രം അവരോടു സഹകരിക്കുക, തിന്മചെയ്യുമ്പോൾ അവരിൽനിന്ന് അകന്നുമാറുക" (തിർമിദി).

കവിത


ഫാതിമ വഹീദ
mail@nerpatham.com

# പെണ്ണ്

കറിയിൽ ഉപ്പ് കൂടിയെന്നവൻ
പറഞ്ഞു ശകാരിക്കുമ്പോൾ
നീ ചിരിച്ചേക്കണം, കാരണം
നീ പെണ്ണാണ്
കുറ്റങ്ങളെല്ലാം തലയിൽ
ചാർത്തിവെച്ചാലും
പരിഭവമേതുമില്ലാതെ നീ പുഞ്ചിരി തൂകണം,
കാരണം നീ പെണ്ണാണ്
അടുക്കളയിലെ പാത്രങ്ങൾക്കൊപ്പം
നീ തേഞ്ഞുതേഞ്ഞില്ലാതാവണം
അടുപ്പിലിട്ട ചോറിനൊപ്പം ദുഃഖങ്ങളെ
തിളപ്പിച്ചേക്കണം
വേദനകളും വ്യഥകളും അരച്ചരച്ചു നീ
സ്വയം രൂചിക്കൂട്ടാവണം
അലക്കാനെടുക്കുന്ന വെള്ളത്തിനൊപ്പം നീ
അലിഞ്ഞു ചേരണം
അടുപ്പുപോലെ നീ പുകയണം
ആയിരം കവിതകളൊളിപ്പിച്ച പറുദീസയാണ്
നീയെന്ന് അടുക്കള നിന്നോട് പറയും
ഹൃദയം മുറിഞ്ഞാലും സ്നേഹം
മാത്രം വിളമ്പുന്ന അന്നമാകണം
വീടിനോടൊപ്പം ഒരേ ദിശയിൽ
കറങ്ങുന്ന ഉപഗ്രഹമാകണം
കരൾ പിടഞ്ഞാൽ, ഇരുട്ടിന്റെ മറവിൽ
വീടുറങ്ങുമ്പോൾ മാത്രം നീ കരഞ്ഞാൽ മതി
അല്ലെങ്കിൽ മുതലക്കണ്ണീരാണെന്ന് വെളിച്ചം
പോലും നിന്നെ പരിഹസിച്ചെങ്കിലോ!
ആകുലതകളൊന്നും വേണ്ട
ഇടയ്ക്കിടെ ചുറ്റുമുള്ളവർ നിന്നെ
ഓർമിപ്പിച്ചുകൊണ്ടേയിരിക്കും
നീ പെണ്ണാണെന്ന്;
വെറുമൊരു പെണ്ണെന്ന്

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# ജനരോഷം നിഷ്പ്രഭമാക്കിയ കരിനിയമം

വിവാദങ്ങൾക്ക് വഴിവെച്ച പോലീസ് ആക്റ്റ് ഭേദഗതി നിയമം നടപ്പാക്കില്ലെന്ന് സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിച്ചത് ജനാധിപത്യ പ്രതിരോധത്തിന്റെ വിജയമാണ്. ജനരോഷത്തിന് മുൻപിൽ പിടിച്ചു നിൽക്കാനാവാതെ സർക്കാർ തോൽവി സമ്മതിക്കുകയായിരുന്നു. എന്നാൽ, ഗവർണർ ഒപ്പിട്ട് നിയമമായ ഒരു കാര്യം നടപ്പിലാക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് കൊണ്ട് മാത്രം കാര്യമില്ല മറിച്ച് ആ ഓർഡിനൻസ് പിൻവലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ അത് പിൻവാതിലിലിലൂടെ നടപ്പിലാക്കുന്ന കാഴ്ചക്ക് നാം സാക്ഷിയാകേണ്ടിവരും.

പൗരന്റെ അവകാശത്തിന് കൂച്ചുവിലങ്ങിടുന്ന നിയമം നിയമനിർമാണ സഭയെ നോക്കുകുത്തിയാക്കി ധൃതിപിടിച്ച് നടപ്പിലാക്കിയത് മുതൽ അതിലെ വാചകങ്ങൾവരെ ജനാധിപത്യവിരുദ്ധവും പൗരാവകാശ ധ്വംസനവുമാണെന്ന് കേരളം ഒറ്റക്കെട്ടായി പറഞ്ഞു. അധികാരമൊഴിയാൻ ആറു മാസം മാത്രം ബാക്കിനിൽക്കെ ഇത്തരം ഒരു ഓർഡിനൻസിലേക്ക് സർക്കാരിനെ നയിച്ച ഘടകം എന്തെന്നത് ദുരൂഹമാണ്. ആരോപണങ്ങളുടെ ശരശയ്യയിൽ കിടക്കുന്ന സർക്കാരിനെതിരെയുള്ള വിമർശനങ്ങൾ ഇല്ലായ്മ ചെയ്യാം എന്നതായിരിക്കാം ഇത്തരം ഒരു കടുംകൈ ചെയ്യാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ആവിഷ്കാരസ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനുമെല്ലാം വേണ്ടി വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കുന്ന, അതിനുവേണ്ടി പ്രക്ഷോഭങ്ങൾ നടത്തിയ ഇടതുപക്ഷംതന്നെ ഇത്തരം ഒരു കിരാതനിയമത്തിന്റെ ശിൽപികളാവുന്നു എന്നത് വിരോധാഭാസമാണ്.

സ്ത്രീകൾക്കെതിരായി സൈബർ സ്പേസിൽ നടക്കുന്ന അക്രമങ്ങൾക്കും വ്യക്തിഹത്യക്കും തടയിടുക എന്നതാണ് നിയമഭേദഗതിയിലേക്ക് നയിച്ചത് എന്നാണ് സർക്കാർ നൽകുന്ന വിശദീകരണം. എന്നാൽ ഈ നിയമത്തിൽ എവിടെയും സ്ത്രീ എന്നോ സൈബർ സ്പേസ് എന്നോ കാണാൻ സാധ്യമല്ല. ഏത് അഭിപ്രായ പ്രകടനങ്ങളെയും തങ്ങൾക്കിഷ്ടമല്ല എന്നതിന്റെ പേരിൽ തടയിടാൻ വേണ്ടിയാണിത് എന്ന വിമർശനത്തിന് ആക്കംകൂട്ടുന്നത് ഈ ഭേദഗതിയിലെ അവ്യക്തത തന്നെയാണ്.

'ഒരാളെയോ ഒരു വിഭാഗം ആളുകളെയോ ഭീഷണിപ്പെടുത്തുന്നതിനോ അധിക്ഷേപിക്കുന്നതിനോ

അപമാനിക്കുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ വേണ്ടി, ഏതെങ്കിലും കാര്യമോ വിഷയമോ വ്യാജമെന്നറിഞ്ഞുകൊണ്ട്, ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ നിർമിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും അത് അങ്ങനെയുള്ള ആളിന്റെയോ ഒരു വിഭാഗം ആളുകളുടെയോ അവർക്ക് താൽപര്യമുള്ള മറ്റേതെങ്കിലും ആളുടെയോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ ഹാനിയുണ്ടാക്കുവാനിടയാക്കുകയും ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ മൂന്നുവർഷം വരെയാകുന്ന തടവോ പതിനായിരം രൂപവരെയാകുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.'

ആർക്കും ഏതുരീതിയിലും ഉപയോഗിക്കാവുന്ന വാചകങ്ങളാണ് ഇതിലുള്ളത്. ഒരാൾക്കെതിരെ ആരെങ്കിലും അധിക്ഷേപിക്കാനോ വ്യക്തിഹത്യനടത്താനോ വേണ്ടി പടച്ചുവിട്ട വാർത്തകളോ എഴുത്തുകളോ ശബ്ദസന്ദേശമോ തുടങ്ങി ഏതു കാര്യങ്ങൾക്കെതിരെയും ആർക്കും പരാതി നൽകാം. എനിക്ക് മാനഹാനി ഉണ്ടായി എന്ന് സ്വയം തോന്നേണ്ടതില്ല, മറ്റാർക്കെങ്കിലും തോന്നിയാലും മതി എന്ന, വലിയ രീതിയിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതകൾ നിലനിൽക്കുന്നതാണ് ഈ നിയമം എന്നാണ് വിമർശനങ്ങൾ ഉന്നയിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത്. ആർക്കും ആർക്കെതിരെയും കേസ് നൽകാനുള്ള സാധ്യതയാണ് ഇതിലുള്ളത്. സർക്കാർ ഓർഡിനൻസിൽ പറഞ്ഞതുപോലെയുള്ള കാര്യങ്ങളാവുമ്പോൾ ഏത് തരത്തിലുള്ള സംഭാഷണങ്ങളും തർക്കങ്ങളും എഴുത്തുകളും അങ്ങനെ വ്യാഖ്യാനിക്കാനും നിയമ നടപടികൾ സ്വീകരിക്കാനും സാധ്യമാവുകയും ചെയ്യും. എതിരാളികളെ ഇല്ലാതാക്കാൻ വ്യാജവാർത്തകൾ പടച്ചുവിടുന്നതിനെക്കാൾ അപകടകരമായി, ഒരാൾ നിർദോഷം എഴുതിയതോ പ്രകടിപ്പിച്ചതോ ആയ അഭിപ്രായങ്ങളുടെ പേരിൽ നിയമനടപടികൾ നേരിടാനും ജയിലിലേക്കയക്കാനും ഈ നിയമം സാഹചര്യമൊരുക്കുന്നുണ്ട്. നിലവിലുള്ള മാനനഷ്ട കേസുകൾ സിവിൽ കേസുകളാണെങ്കിൽ ഇവിടെ ക്രിമിനൽ നടപടികളാണ് നേരിടേണ്ടി വരിക എന്നത് ഏറെ ഗൗരവമുള്ള കാര്യമാണ്.

സാമൂഹ്യമാധ്യമങ്ങളിലെ സഭ്യമായ അഭിപ്രായപ്രകടനങ്ങളെയും ആക്ഷേപങ്ങളെയും ആശയസംവാദങ്ങളെയുമെല്ലാം മുകളിൽ പറഞ്ഞരീതിയിൽ ദുർവ്യാഖ്യാനിച്ച് 'അപമാനിച്ചു' എന്ന് പറഞ്ഞുകൊണ്ട് പരാതി നൽകാം. പോലീസ് കേസെടുത്ത് കുഴങ്ങും എന്ന് ചുരുക്കം. മുതിർന്ന സി.പി.എം നേതാവും ദേശാഭിമാനി എഡിറ്ററുമായ പി. രാജീവ് കഴിഞ്ഞ മാസം ഫേസ്ബുക്കിൽ കുറിച്ച വാചകം 'ഐടി ആക്ടിലെ 66എ വകുപ്പ് നടപ്പിലായിരുന്നെങ്കിൽ ഇന്ന് ടിറ്ററും ഫേസ്ബുക്കും അടക്കമുള്ള മാധ്യമങ്ങൾ ഉപയോഗിക്കുന്നവർ മിക്കവരും ജയിലിയായിരിക്കും' എന്നതായിരുന്നു. ഇതുതന്നെയാണ് പുതിയ നിയമഭേദഗതിയെ കുറിച്ചും കേരളീയ സമൂഹം പങ്കുവെക്കുന്ന ആശങ്ക. സ്ത്രീകൾക്കെതിരെ നടക്കുന്ന സൈബർ ആക്രമണത്തിന് തടയിടാൻ എന്ന സർക്കാർവാദത്തെ സാധൂകരിക്കുന്ന ഒരു വാക്കുപോലും ഈ ഭേദഗതിയിൽ ഇല്ലതാനും. അതുകൊണ്ട് തന്നെ സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെ നിയമത്തിന്റെ ഉള്ളടക്കം തന്നെ ചോദ്യം ചെയ്യുന്നുണ്ട്. ആർക്കും ഒന്നും പറയാനോ എഴുതാനോ പ്രകടിപ്പിക്കാനോ ഉള്ള സാഹചര്യം പൂർണമായും ഇല്ലാതാക്കുകയാണ് ഇവിടെ.

ജനാധിപത്യത്തിന്റെ കരുത്ത് പ്രതിപക്ഷമാണ്. പ്രതിപക്ഷത്ത് ഔദ്യോഗികമായി ഇരിക്കുന്നവർ മാത്രമല്ല സർക്കാരിന്റെ ഭാഗമല്ലാത്തവർ മുഴുവനുമാണ് യഥാർഥ പ്രതിപക്ഷം. നിരന്തരമായ സോഷ്യൽ ഓഡിറ്റിംഗിലൂടെ സർക്കാരിനെ തിരുത്തുകയും ശരിയായ ദിശയിലേക്ക് വഴിനടത്തുകയും ചെയ്യുക എന്ന ദൗത്യം നിരന്തം നിർവഹിക്കേണ്ടത് ജനാധിപത്യസംവിധാനത്തിന്റെ ജീവനാഡിയായ ജനങ്ങളുടെ ഉത്തരവാദിത്തമാണ്. മുമ്പ് മാധ്യമങ്ങൾ നിർവഹിച്ചിരുന്ന ആ ദൗത്യം ഇന്ന് ഓരോ പൗരനും നിർവഹിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് സാമൂഹ്യ മാധ്യമങ്ങൾ നിർവഹിക്കുന്ന ദൗത്യം. അതുകൊണ്ട് തന്നെ ഈ നിയമങ്ങൾക്ക് ഇരയാവുക വൻകിട മാധ്യമങ്ങളോ ഓൺലൈൻ മാധ്യമങ്ങളോ അല്ല, മറിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ അഭിപ്രായപ്രകടനങ്ങൾ നടത്തുന്ന സാധാരണക്കാരാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമായി ഇതിനെ വ്യാഖ്യാനിക്കുന്നതും വിമർശനശരങ്ങൾ ഉയരുന്നതും ഈ പശ്ചാത്തലത്തിലാണ്.

2000ത്തിലെ ഐടി ആക്ടിലെ 66എ വകുപ്പും 2011ലെ കേരള പൊലീസ് ആക്ടിലെ 118(ഡി) വകുപ്പും അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരാണെന്നു കാണിച്ച് സുപ്രീംകോടതി റദ്ദാക്കിയിരുന്നു. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം സാധ്യമല്ലാത്തവിധം ശക്തവും കൃത്യവുമായ നിയമ നിർമാണം നട

ത്തുകയോ ചെയ്യേണ്ടതിനു പകരം ധൃതിപിടിച്ച് ഓർഡിനൻസ് ഇറക്കിയത്ത് ഇത്തരം ഒരു ഘട്ടത്തിൽ ജനാധിപത്യ ഭരണകൂടത്തിന് ഭൂഷണമല്ല. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവുന്ന നിയമനിർമാണങ്ങൾക്കായി നിയമനിർമാണസഭകളെ നോക്കുകുത്തിയാക്കി ഓർഡിനൻസ് ഇറക്കുന്നതു വഴി ചെയ്യുന്നത് ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയും ഏകാധിപത്യ പ്രവണതകൾക്ക് വളംവെച്ചുകൊടുക്കുകയും ചെയ്യുക എന്നതാണ്.

സാമൂഹിക മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാവുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് തന്നെ പൊതുസമൂഹത്തിന് മുമ്പിൽ തങ്ങളുടെ കൈകൾ ശുദ്ധമാണ്, നിലപാടുകൾ സുതാര്യമാണ് എന്ന് ബോധ്യപ്പെടുത്തേണ്ട ഘട്ടങ്ങളിൽ അത് ചെയ്യാൻ അവർക്ക് ബാധ്യതയുണ്ട്. താനും തനിക്ക് ചുറ്റുമുള്ളവരും അധികാര ദുർവിനിയോഗം നടത്തിയോ ഭരണ കേന്ദ്രങ്ങളിൽ ദുഃസ്വാധീനം ചെലുത്തിയോ കാര്യങ്ങൾ നേടാനും സ്വാർഥ താൽപര്യങ്ങൾ നടപ്പിലാക്കാനും ശ്രമിക്കുന്നത് സ്വജനപക്ഷപാതവും അഴിമതിയുമാണ്. ഇതിനെതിരെ പ്രതികരിക്കാനും അത്തരം അനാരോഗ്യ പ്രവണതകളെ ഇല്ലായ്മ ചെയ്യാനും മാധ്യമങ്ങളും പൊതുസമൂഹവും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. കള്ളങ്ങളും അപവാദപ്രചാരണങ്ങളും അതിൽ ഇല്ലെന്ന് ഉറപ്പുവരുത്തൽ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ ധാർമിക ഉത്തരവാദിത്തമാണ്. അനീതിക്കെതിരായ പോരാട്ടങ്ങളിൽ സത്യസന്ധതയും നീതിബോധവും വെച്ചുപുലർത്തുക എന്നത് ഏതൊരാളുടെയും ധാർമികതയുടെ ഭാഗമാണെന്ന് മറക്കരുത്.

കേരളംപോലെ അഭ്യസ്തവിദ്യരും ഉയർന്ന ജനാധിപത്യ സാംസ്കാരിക മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്ന ഒരു ഭൂമികയിൽനിന്ന് ഇത്തരം ഒരു നിയമം ഉണ്ടാവുക എന്നതുതന്നെ നമുക്ക് അപമാനമാണ്. ഫാസിസ്റ്റ് ശക്തികൾ എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ പഠിച്ചപണി പതിനെട്ടും നോക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ അതേസാധ്യതകൾ നിലനിൽക്കുന്ന നിയമം കേരളത്തിൽ നിലവിൽവരുന്നതിനെ ഞെട്ടലോടെയാണ് മനുഷ്യാവകാശ പ്രവർത്തകരും നിയമ വിദഗ്ധരും രാഷ്ട്രീയ നേതാക്കളും അടക്കം ദേശീയ തലത്തിലുള്ളവർ നോക്കിക്കാണുന്നത്.

“ഇത് ക്രൂരം, വിമത ശബ്ദങ്ങളെ അടിച്ചമർത്താനുള്ള നിയമം; കുറ്റകരമായി കരുതപ്പെടുന്ന സോഷ്യൽ മീഡിയ പോസ്റ്റുകൾക്ക് ജയിൽശിക്ഷ നൽകുന്ന ഓർഡിനൻസിലൂടെ കേരള പൊലീസ് ആക്റ്റിൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് ക്രൂരവും വിമത ശബ്ദങ്ങളെ നിശ്ശബ്ദമാക്കുകയും ചെയ്യുന്ന നിയമമാണ്. ഐടി ആക്റ്റിൽ നിന്ന് ഒഴിവാക്കിയ സെക്ഷൻ 66(എ)ക്ക് സമാനമാണിത്”- സുപ്രീംകോടതി അഭിഭാഷകനും പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനുമായ പ്രശാന്ത് ഭൂഷൺ ട്വീറ്റ് ചെയ്തു.

“കേരളത്തിലെ എൽഡിഎഫ് സർക്കാർ സാമൂഹമാധ്യമങ്ങളിലെ ‘കുറ്റകരമായ’ പോസ്റ്റിന് 5 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന നിയമമുണ്ടാക്കിയതു ഞെട്ടിപ്പിക്കുന്നു”- മുൻ കേന്ദ്രമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ പി.ചിദംബരം ടിറ്ററിൽ കുറിച്ചു.

“മാനനഷ്ട വകുപ്പ് ഐ.പി.സിയിൽ നിന്ന് ഒഴിവാക്കണമെന്ന നയമുള്ള സി.പി.ഐ(എം) ആണീ ഓർഡിനൻസ് കൊണ്ടുവന്നത്. ഒരു ചർച്ചയും കൂടാതെ. നിയമഭേദഗതിക്ക് നിർദേശം സമർപ്പിക്കാൻ എന്നോട് ഡി.ജി.പി രേഖാമൂലം ആവശ്യപ്പെട്ടതിനു തൊട്ടുപിന്നാലെ ഓർഡിനൻസ് വന്നുകഴിഞ്ഞു. അധികാര ദുർവിനിയോഗത്തിൽ പെടാത്ത നിയമം ഈ മേഖലയിൽ സാധ്യമാണ് എന്നിരിക്കെ അതിനു കാക്കാതെ 6 മാസത്തേക്ക് മാത്രമുള്ള ഓർഡിനൻസ് കൊണ്ടുവന്നതിന്റെ ദുരുദ്ദേശം വ്യക്തമാണ്” എന്ന് പ്രമുഖ ഹൈക്കോടതി അഭിഭാഷകൻ ഹരീഷ് വാസുദേവൻ ഫേസ്ബുക്കിൽ കുറിച്ചു.

ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന നീക്കങ്ങളിൽനിന്ന് പിന്മാറാൻ ജനാധിപത്യ സർക്കാരുകൾക്ക് ബാധ്യതയുണ്ട്. ഏതൊരു സർക്കാരും നിയമനിർമാണം നടത്തുന്നത് തങ്ങളുടെ പ്രഖ്യാപിത ആശയങ്ങൾക്കനുസരിച്ചാണ്. അതുകൊണ്ട് തന്നെ സർക്കാരിന്റെ ഭാഗമായ മുന്നണിക്കും രാഷ്ട്രീയ പാർട്ടികൾക്കും വലിയ ഉത്തരവാദിത്തമുണ്ട്. അതിൽനിന്ന് ഒളിച്ചോടുക സാധ്യമല്ല. ഇത്തരം നിയമങ്ങളെ കുറിച്ച് പാർട്ടിയും പൊതുസമൂഹവും എങ്ങനെ കാണുന്നു എന്നത് ആലോചിക്കാതെ അധികാരത്തിന്റെ മത്തിൽ എഴുതിക്കൊടുന്ന വാചകങ്ങൾക്ക് വലിയ വിലനൽകേണ്ടിവരും. പൊലീസിന്റെ അധികാരദുർവിനിയോഗം ആവോളം കണ്ട ദിനങ്ങളാണ് കഴിഞ്ഞുപോയത്. അവരുടെ കയ്യിലേക്ക് മൂർച്ചയുള്ള ആയുധം വെച്ചുകൊടുക്കുന്ന ഇത്തരം അവിവേകങ്ങൾ ഇനിയുണ്ടാവാതിരിക്കാൻ രാഷ്ട്രീയ, ഭരണ നേതൃത്വങ്ങൾ ജാഗ്രത കാണിച്ചേ മതിയാവൂ.

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com





# മുസ്‌ലിം ബ്രദർഹുഡ്: ഗൾഫ് രാഷ്ട്രങ്ങൾ നിലപാട് കടുപ്പിക്കുമ്പോൾ

**മധ്യ പൂർവേഷ്യൻ രാജ്യങ്ങളിലെ മുസ്‌ലിംകൾക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും തീവ്ര രാഷ്ട്രീയ ചിന്തകൾ കുത്തിവെക്കുന്നതിനും അതിന് താത്വികമായ അടിത്തറ പാകുന്നതിനും മുൻപന്തിയിൽ നിന്ന പ്രസ്ഥാനമാണ് മുസ്‌ലിം ബ്രദർഹുഡ്. അതതു കാലത്തെ ഭരണകൂടങ്ങളുടെ നിയന്ത്രണങ്ങൾ മറികടന്ന് സാമൂഹികഛിദ്രതക്ക് ആക്കംകൂട്ടിയിരുന്ന ഇവരുടെ പ്രവർത്തനങ്ങൾക്ക് ഒടുവിൽ കൂച്ചുവിലങ്ങിട്ടിരിക്കുകയാണ് ഗൾഫ് രാഷ്ട്രങ്ങൾ. മുസ്‌ലിം ലോകത്ത് ഇതുണ്ടാക്കിയേക്കാവുന്ന പരിവർത്തനങ്ങൾ എന്തൊക്കെയാണ്?**

മുസ്‌ലിം ബ്രദർഹുഡ് ഭീകരസംഘമാണെന്നും ഇസ്‌ലാമിന്റെ സമീപനങ്ങളെയും രീതിശാസ്ത്രത്തെയും അത് പ്രതിനിധീകരിക്കുന്നില്ലെന്നും സൗദി ഉന്നതപണ്ഡിതസഭയുടെ വിശദീകരണത്തിൽ വ്യക്തമാക്കി. ഇസ്‌ലാമിന്റെ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായ 'ഗ്രൂപ്പിസ' ലക്ഷ്യങ്ങളാണ് മുസ്‌ലിം ബ്രദർഹുഡ് പിന്തുടരുന്നത്. മതത്തിന്റെ മേലങ്കിയണിഞ്ഞ് മതവിരുദ്ധമായ ഛിദ്രതയും കുഴപ്പങ്ങളും അക്രമവും ഭീകരതയും കുത്തിപ്പൊക്കുകയും പ്രചരിപ്പിക്കുകയുമാണ് അവർ ചെയ്യുന്നതെന്നും ഉന്നതപണ്ഡിതസഭയുടെ പ്രസ്താവനയിൽ പറയുന്നു. മാർഗഭ്രംശം സംഭവിച്ച സംഘമാണവർ. ഭരണാധികാരികൾക്കെതിരായ സം

ഘർഷം, ധിക്കാരം, രാജ്യങ്ങളിൽ കലാപമുണ്ടാക്കൽ, രാജ്യത്തെ ജനങ്ങളുടെ സഹവർത്തിത്വത്തിന് തുരങ്കംവെക്കൽ, ഇസ്‌ലാമിക സമൂഹങ്ങളെ ജാഹിലിയ്യത്തെന്ന് വിശേഷിപ്പിക്കൽ എന്നീ കാര്യങ്ങളിലൂന്നിയാണ് ബ്രദർഹുഡ് പ്രവർത്തിക്കുന്നത്.[1]

ഈ സംഘം സ്ഥാപിതമായതുമുതൽ വിശ്വാസത്തോടോ വിശുദ്ധഗ്രന്ഥത്തോടോ പ്രവാചകചര്യയോടോ ഒരുവിധത്തിലുള്ള താൽപര്യവും പ്രകടിപ്പിച്ചിട്ടില്ല. അധികാരത്തിലെത്തുകയെന്നത് മാത്രമാണ് ഇവരുടെ ലക്ഷ്യം. തിന്മകളും കലഹങ്ങളും നിറഞ്ഞതാണ് ഈ ഗ്രൂപ്പിന്റെ ചരിത്രം. ലോകത്ത് അക്രമങ്ങളും ഭീകരപ്രവർത്തനങ്ങളും കുഴപ്പങ്ങളും സൃഷ്ടിക്കുന്ന ഭീകര-തീവ്രവാദ ഗ്രൂപ്പുകളുടെയെല്ലാം ആവിർഭാവം ബ്രദർഹുഡിൽനിന്നാണ്. മുസ്‌ലിം ബ്രദർഹുഡ് തീവ്രഗ്രൂപ്പാണെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. മുസ്‌ലിം ബ്രദർഹുഡിനെ എല്ലാവരും ജാഗ്രതയോടേ കരുതിയിരിക്കണമെന്നും ഈ സംഘത്തിൽ ചേരാനോ ഇവരോട് അനുഭാവം പുലർത്താനോ പാടില്ലെന്നും ഗ്രാന്റ് മുഫ്തി അബ്ദുൽഅസീസ് ആലുശൈഖിന്റെ അധ്യക്ഷതയിലുള്ള ഉന്നതപണ്ഡിതസഭ വിശദീകരിക്കുന്നു.[2]

ബ്രദർഹുഡിനെക്കുറിച്ചുള്ള ഉന്നതപണ്ഡിതസഭയുടെ പ്രസ്താവന കാര്യം മനസ്സിലാക്കാൻ പര്യാപ്തമാണെന്ന് ഇസ്‌ലാമിക കാര്യമന്ത്രി ശൈഖ് ഡോ.അബ്ദുല്ലത്വീഫ് ആലുശൈഖും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഭീകര ഗ്രൂപ്പിന്റെ യാഥാർഥ്യത്തെക്കുറിച്ച് തങ്ങൾ അജ്ഞരായിരുന്നുവെന്ന് ഇനിയാർക്കും ന്യായീകരിക്കാൻ സാധിക്കില്ല. ഇരുപത് വർഷങ്ങൾക്ക് മുമ്പുതന്നെ ഇവരെപ്പറ്റി താൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ ബ്രദർഹുഡ്കാരിൽനിന്നും ശാരീരികവും മാനസികവും സാമ്പത്തികവുമായ പലവിധ ഉപദ്രവങ്ങളും നേരിട്ടിട്ടുണ്ടെന്നും ഇസ്‌ലാമികകാര്യ മന്ത്രി വിശദീകരിക്കുന്നു.[3]

ബ്രദർഹുഡ് അടക്കം സമൂഹത്തിൽ ഛിദ്രതയുണ്ടാക്കുന്ന വിവിധ ഗ്രൂപ്പുകളെക്കുറിച്ച് വിശ്വാസികൾക്ക് മുന്നറിയിപ്പു നൽകാൻ ജുമുഅ നമസ്കാരത്തോടനുബന്ധിച്ചുള്ള ഉദ്ബോധനപ്രസംഗം ഉപയോഗപ്പെടുത്തണമെന്നും രാജ്യത്തെ മുഴുവൻ ഖത്വീബുമാർക്കും ഡോ. അബ്ദുല്ലത്വീഫ് ആലുശൈഖ് നിർദേശം നൽകി. ബ്രദർഹുഡിനെ ഭീകരസംഘമാണെന്ന് വിശേഷിപ്പിച്ച് ഉന്നതപണ്ഡിതസഭ പുറത്തിറക്കിയ പ്രസ്താവന മുഴുവനായും ഖുത്വുബക്കിടെ വായിക്കണമെന്നും ഖത്വീബുമാർക്ക് അയച്ച സർക്കുലറിൽ അദ്ദേഹം നിർദേശിച്ചിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ തീവ്രവാദ, വിധ്വംസക ഗ്രൂപ്പുകൾക്കെതിരിൽ ശക്തമായ നടപടികളും വിചാരണയും വർധിച്ചുവരുന്ന സാഹചര്യത്തിൽ സൗദിയിലെ ഉന്നതപണ്ഡിതസഭയുടെ ഈ പ്രസ്താവന ബ്രദർഹുഡ് കേന്ദ്രങ്ങളിൽ ശക്തമായ ഞെട്ടൽ സൃഷ്ടിച്ചിട്ടുണ്ട്.

ഉന്നതകാര്യസമിതിയിലെ പ്രമുഖന്മാരായ പതിനാറ് പണ്ഡിതന്മാരാണ് പ്രസ്താവനയിൽ ഒപ്പുവെച്ചത്. ഇസ്‌ലാമിക വിഷയങ്ങളിൽ അഗാധമായ പരിജ്ഞാനവും പ്രാവീണ്യവുമുള്ള പണ്ഡിത പ്രമുഖന്മാരാണ് ഈ സമിതിയിലെ അംഗങ്ങൾ. അത്യാവശ്യ സന്ദർഭങ്ങളിൽ സൗദിക്ക് പുറത്തുള്ള പണ്ഡിതന്മാരിൽനിന്നും ഉപദേശ നിർദേശങ്ങൾ സ്വീകരിക്കാറുണ്ട്. 1971ൽ രാജകീയ നിർദേശമനുസരിച്ചാണ് ഈ സമിതി രൂപീകരിക്കപ്പെട്ടത്.

ബ്രദർഹുഡിനെ സംബന്ധിച്ചുള്ള ഉന്നതകാര്യ പണ്ഡിതസഭയുടെ വിശദമായ പ്രസ്താവന പുറത്തുവരുന്നതിനു മുമ്പ് പലതവണ സൗദിയിലെ പ്രമുഖന്മാരായ പണ്ഡിതന്മാർ ഇവരെപ്പറ്റി മുന്നറിയിപ്പും താക്കീതും നൽകിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ ഇവർ നടത്തിവരുന്ന നിഗൂഢമായ പ്രവർത്തങ്ങളെപ്പറ്റി 2017ൽ ഉന്നത പണ്ഡിതസഭ താക്കിത് നൽകിയിട്ടുണ്ട്. രാഷ്ട്രീയ ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന സംഘടനകളെയും വ്യക്തികളെയും നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തിൽ വിവിധ യൂറോപ്യൻ രാജ്യങ്ങൾ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. തീവ്രവാദത്തെയും ഭീകരതയെയും നേരിടുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും നടപടികളും വിപുലമാക്കി വരുന്നുമുണ്ട്. യൂറോപ്യൻ ഉച്ചകോടിയിൽ ഫ്രാൻസ്, ജർമനി, ഓസ്ട്രിയ എന്നീ രാജ്യങ്ങൾ സംയുക്തമായി ചില നിർദേശങ്ങൾ മുന്നോട്ടുവെച്ചിരുന്നു.



2014 മാർച്ച് മുതൽ സൗദി ആഭ്യന്തര മന്ത്രാലയം മുസ്‌ലിം ബ്രദർഹുഡിനെ ഭീകരതയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി നിരീക്ഷിച്ചുവരികയാണ്. പ്രമുഖന്മാരായ ഒട്ടനവധി പണ്ഡിതന്മാർ, ഗ്രന്ഥകാരന്മാർ തുടങ്ങിയവരുടെ നീണ്ട ലിസ്റ്റുതന്നെ ഭീകരതയുമായി ബന്ധപ്പെടുത്തി സൗദി ആഭ്യന്തര മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സൗദി, ബഹ്‌റൈൻ, യു.എ.ഇ, ഈജിപ്ത് എന്നീ രാജ്യങ്ങൾ 2017 ജൂൺ 14ന് പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ വിവിധ രാജ്യങ്ങളിലെ പ്രമുഖ വ്യക്തികൾ, അറിയപ്പെടുന്ന ജീവകാരുണ്യ സംഘടനകൾ തുടങ്ങിയവയ്ക്ക് ഭീകരതയുമായി ബന്ധമുണ്ടെന്ന് വിശദീകരിച്ചിരുന്നു. 59 വ്യക്തികളെയും 12 സംഘടനകളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.(4)

2018 മാർച്ച് 19ന് പ്രമുഖ അമേരിക്കൻ ടെലിവിഷൻ ചാനൽ സി.ബി.എസ് പ്രതിനിധി നോറ ഒ.ഡൊണെൽന് നൽകിയ അഭിമുഖത്തിൽ സൗദിയിലെ കിരീടാവകാശി മുഹമ്മദ്ബിൻ സൽമാൻ ബ്രദർഹുഡിനെ തീവ്രവാദികളെ വിരിയിച്ചെടുക്കാനുള്ള ഉപകരണമെന്നാണ് (ഇൻകുബേറ്റർ) വിശേഷിപ്പിച്ചത്. സൗദിയിലെ കലാലയങ്ങളെ ഏറെ താമസിയാതെതന്നെ 'ബ്രദർഹുഡ് വിമുക്ത'മാക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.(5)

ബ്രദർഹുഡിന്റെ പ്രവർത്തനങ്ങൾ കാരണമായി സംഭവിക്കാനിടയുള്ള പരിണിതഫലങ്ങളെ മിക്കപ്പോഴും അവഗണിക്കുന്ന നിലപാടായിരുന്നു അടുത്തകാലംവരെയും സൗദിഅറേബ്യ കൈക്കൊണ്ടിരുന്നത്. വിവിധ മന്ത്രാലയങ്ങളുടെ തലപ്പത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കടന്നുകൂടിയ ബ്രദർഹുഡിന്റെ ഉന്നത സിരാകേന്ദ്രങ്ങൾ തങ്ങൾക്ക് ലഭിച്ച അവസരം കാര്യമായി ഉപയോഗപ്പെടുത്തിയ വിവരം ഏറെ വൈകിയാണ് സൗദി ഭരണകൂടം തിരിച്ചറിഞ്ഞത്. അതേസമയം സൗദി ഉന്നതകാര്യ പണ്ഡിതസഭയുടെ തീരുമാനത്തെ അംഗീകരിക്കുന്നതായും സ്വാഗതം ചെയ്യുന്നതായും ഈജിപ്ഷ്യൻ മതകാര്യ മന്ത്രാലത്തിന്റെ നിയന്ത്രണത്തിലുള്ള ഫത്‌വാസമിതിയും അഭിപ്രായപ്പെട്ടു.(6)

വിവിധ അറബ്‌രാജ്യങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചുവരുന്ന മുസ്‌ലിം ബ്രദർഹുഡിന്റെ വക്താക്കൾ സൗദിപണ്ഡിതസഭയുടെ പ്രസ്താവനക്കെതിരിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. 1928ൽ സ്ഥാപിതമായ മുസ്‌ലിം ബ്രദർഹുഡ് അതിക്രമത്തിന്റെയും തീവ്രവാദത്തിന്റെയും ഭിന്നിപ്പിന്റെയും മാർഗത്തിൽനിന്നും ഏറെ വിദൂരത്തിലാണെന്ന് ബ്രദർഹുഡ് വക്താവ് ത്വൽഹത്ത് ഫഹ്‌മി ഔദ്യോഗികമായി പുറപ്പെടുവിച്ച പ്രസ്താവനയിൽ അവകാശപ്പെടുന്നു. സൗദിയിലെ ഉന്നത പണ്ഡിതസഭ ഉന്നയിച്ച എല്ലാവിധത്തിലുള്ള ആരോപണങ്ങളെയും മുസ്‌ലിം ബ്രദർഹുഡ് നിഷേധിക്കുന്നതായും അതിശയോക്തിയും തീവ്രവാദവുമില്ലാതെ ക്വുർആനും നബിചര്യയുമാണ് തങ്ങളുടെ സമീപനരീതിയുടെ ആധാരമെന്നും സംഘടനാ വക്താവ് പ്രസ്താവനയിൽ അവകാശപ്പെടുന്നു. എല്ലായ്പ്പോഴും സ്വേച്ഛാധിപതികളായ ഭരണകൂടങ്ങളുടെ ഇരകളായ ചരിത്രമാണ് മുസ്‌ലിം ബ്രദർഹുഡിനുള്ളതെന്നും ഫലസ്തീൻ പ്രശ്നമുൾപ്പെടെയുള്ള മുസ്‌ലിം സമൂഹത്തിന്റെ ന്യായമായ എല്ലാ അവകാശങ്ങൾക്കും കൂടെനിന്ന പാരമ്പര്യമാണ് തങ്ങൾക്കുള്ളതെന്നും ത്വൽഹത്ത് ഫഹ്‌മി കൂട്ടിച്ചേർക്കുന്നു.(7)

സൗദിയിലെ പൂർവികരും അഗ്രഗണ്യരുമായിരുന്ന പണ്ഡിതപ്രമുഖന്മാർ വിവിധ കാലയളവുകളിൽ മുസ്‌ലിം ബ്രദർഹുഡിന് നൽകിയെന്ന് പറയപ്പെടുന്ന അനുകൂല പരാമർശങ്ങളിലെ വാക്കുകളും വരികളുമായി ഈ വിഷയത്തിൽ സോഷ്യൽ മീഡിയയിൽ ശക്തമായ ഏറ്റുമുട്ടലും പ്രതിരോധവും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സത്യത്തിനോട് ഏറ്റവും അടുത്തുനിൽക്കുന്ന വിഭാഗമെന്നും അല്ലാഹുവിന്റെ മാർഗത്തിലുള്ള പ്രബോധനവും ഇസ്‌ലാമിക പരിഷ്‌ക്കരണവുമാണ് ബ്രദർഹുഡ് ലക്ഷ്യമാക്കുന്നതെന്നും സൗദിയിലെ പൂർവകാല പണ്ഡിതന്മാർ ബ്രദർഹുഡിനെപ്പറ്റി അഭിപ്രായപ്പെട്ടിരുന്നതായി ഇവർ അവകാശപ്പെടുന്നു.

പ്രമുഖരായ ബ്രദർഹുഡ് നേതാക്കൾക്ക് അഭയം നൽകിയ സൗദി അറേബ്യയിൽ നിലവിൽ ബ്രദർഹുഡ് പരസ്യമായി പ്രവർത്തിക്കുന്നില്ല. എങ്കിലും വിവിധ ഉന്നതകലാശാലകളിലും സ്വകാര്യ സ്ഥാപനങ്ങളുടെ തലപ്പത്തും ബ്രദർഹുഡിന്റെ സാന്നിധ്യം അനുഭവപ്പെടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അറിയപ്പെടുന്ന പണ്ഡിതന്മാർ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയ നിരവധി ബ്രദർഹുഡ് അനുഭാവികളെ സൗദി ആഭ്യന്തരമന്ത്രാലയം ശക്തമായ നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013ൽ ഈജിപ്ഷ്യൻ ഭരണകൂടം സ്വീകരിച്ച രാഷ്ട്രീയ നിലപാടുകളെ പരസ്യമായി പിന്തുണച്ചവരിൽ സൗദി അറേബ്യയും ഉൾപ്പെടുന്നു.

അഭയാർഥികളായി രാജ്യത്തേക്ക് കടന്നുവന്ന ബ്രദർഹുഡ് അനുഭാവികളായ വിദ്യാസമ്പന്നർ സൗദി അറേബ്യയെ ചൂഷണം ചെയ്യുകയായിരുന്നുവെന്നും,

സംഘടനാപ്രവർത്തനവും രഹസ്യയോഗങ്ങളും പാടില്ലെന്ന നിർദേശത്തെ ലംഘിച്ചുകൊണ്ട് രാജ്യത്തിനെതിരിൽ നീക്കങ്ങൾ നടത്തിയ ഇക്കൂട്ടർ ഏറ്റവും വലിയ വഞ്ചനയും കാപട്യവുമാണ് കാട്ടിയതെന്നും സൗദിയിലെ മുൻ അഭ്യന്തര മന്ത്രിയും രാജകുടുംബാഗവുമായിരുന്ന അമീർ നായിഫ് പ്രമുഖ ദിനപ്പത്രത്തിന് നൽകിയ അഭിപ്രായം വൻ കോളിളക്കത്തിന് വഴിതെളിച്ചിരുന്നു. 40 വർഷം അഭയാർഥിയായി സൗദിയിൽ കഴിഞ്ഞ പ്രമുഖ ബ്രദർഹുഡ് നേതാവിന് പിന്നീട് സൗദി അറേബ്യ പൗരത്വം നൽകിയെങ്കിലും, തനിക്ക് ഏറ്റവും സ്വീകാര്യനായ ഇഷ്ടപ്പെട്ട വ്യക്തിയായി അഭിമുഖത്തിൽ അദ്ദേഹം വിശേഷിപ്പിച്ചത് ബ്രദർഹുഡ് നേതാവ് 'ഹസനുൽബന്ന'യെ ആയിരുന്നുവെന്നും അമീർ നായിഫ് തുറന്നുപറഞ്ഞിരുന്നു.[8]

'മുസ്‌ലിം നാടുകളിലേക്ക് അഭിസാരികമാരെ ഇറക്കുമതിചെയ്യുന്നുവെന്നും കള്ളും കളിയും കലയും നൃത്തവും വിനോദവും കൊണ്ടുവന്നെന്നും' ആരോപിച്ചാണ് ബ്രദർഹുഡ് സ്ഥാപകനായ ഹസനുൽബന്ന സംഘടനാ പ്രചാരണം ആരംഭിച്ചത്. ഭൗതിക അധിനിവേശത്തെക്കാൾ ശക്തമാണ് സാംസ്‌ക്കാരിക അധിനിവേശമെന്ന് ഹസനുൽബന്ന കാര്യമായി പ്രചരിപ്പിച്ചതോടെ സംഘടനയിലേക്ക് വിദ്യാസമ്പന്നരുടെ കുത്തൊഴുക്കുതന്നെയുണ്ടായി. 'ശ്രോതാക്കളിൽനിന്നും തന്റെ പ്രസംഗം കൂടുതൽ സ്വാധീനിക്കുന്നുവെന്നു തോന്നിയ ആളുകളെ ബന്ന നോട്ടമിട്ടു, അവരെ പ്രത്യേകം വിളിച്ചു സംസാരിച്ചു.'[9]

അക്വീദയിൽ വെള്ളം ചേർക്കുന്നവരാണ് ഇഖ്‌വാനികളെന്നത് സലഫികളുടെ കേവല അധിക്ഷേപം മാത്രമാണെന്നാണ് ഇഖ്‌വാനിനെ ന്യായീകരിക്കുന്നവർ പ്രചരിപ്പിച്ചുവരുന്നത്. എന്നാൽ തികഞ്ഞ സ്വൂഫിസത്തിന്റെ വക്താവും പ്രചാരകനുമായി ജീവിച്ച ഹസനുൽ ബന്നയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ ബറേൽവികളുടെ ജീവിതത്തിന് സമാനമായിരുന്നുവെന്ന് ബന്നയുടെ രചനകൾ തെളിയിക്കുന്നുണ്ട്. സ്വുബ്ഹി നമസ്‌കാരത്തിന് ശേഷം മൂന്നു മണിക്കൂർ കാൽനടയായി സഞ്ചരിച്ച് ദമൻഹൂറിലെ ഔലിയാക്കളുടെ ജാറം സന്ദർശിക്കാൻ പതിവായി പോയിരുന്ന ഹസനുൽബന്ന, ദമൻഹൂറിലെ ഹസ്സ്വാഫിയാ ത്വരീക്വത്തുകാരുടെ ദിക്ർ ഹൽക്വയിലെ സ്ഥിരം സാന്നിധ്യമായിരുന്നുവെന്ന് ബന്ന രേഖപ്പെടുത്തിയിട്ടുണ്ട്. ശാദുലീ ത്വരീക്വത്തിന്റെ ഇജാസത്ത്, സയ്യിദ് അബ്ദുൽ വഹാബിൽ നിന്നും സ്വീകരിച്ചതും സ്വൂഫിസം സ്വീകരിച്ച് ആത്മീയ നിർവൃതിയുണ്ടായതുമെല്ലാം ബന്നയുടെ നിഷ്‌കളങ്കമായ വരികളിൽ സത്യാന്വേഷികൾക്ക് കണ്ടെത്താൻ സാധിക്കും. സയ്യിദ് ദസൂഖിയുടെ ജാറം സന്ദർശിക്കാൻ 20 കിലോമീറ്റർ കാൽനടയായി പോകുന്നതിന്റെ മാഹാത്മ്യവും[10] പുണ്യവുമെല്ലാം കൃത്യമായി തന്റെ മുരീദന്മാർക്കുവേണ്ടി രേഖപ്പെടുത്താനും ബന്ന മറന്നിരുന്നില്ല. നബിദിനത്തിന് പ്രത്യേക ഈരടികളും പാടിപ്പറഞ്ഞ് നബിദിന ജാഥ നടത്തിയിരുന്ന ഹസനുൽബന്ന ബറെലവികൾക്ക് പറ്റിയ നേതാവായിരുന്നുവെന്നതിൽ സംശയമില്ല.

പണ്ഡിത പ്രമുഖനായിരുന്ന അല്ലാമാ സയ്യിദ്‌റഷീദ് രിളയുമായി ഹസനുൽ ബന്ന ഉയർന്നനിലവാരത്തിലുള്ള സംവാദം നടത്തിയെന്നാണ് കേരളത്തിലെ പ്രമുഖ ജമാഅത്ത് ജീവചരിത്രകാരൻ അവകാശപ്പെടുന്നത്. അതോടൊപ്പംതന്നെ അസ്ഹറിലെ സ്വൂഫി ത്വരീക്വത്തുകാർക്കെതിരിൽ സയ്യിദ് റഷീദ്‌രിള നടത്തിയ ശക്തമായ കടന്നാക്രമണത്തിൽ ഹസനുൽ ബന്നക്ക് താൽപര്യമുണ്ടായിരുന്നില്ലെന്ന ജമാഅത്ത് നേതാവിന്റെ വരികൾ ബന്നയുടെ മൻഹജിനെ മനസ്സിലാക്കാൻ ഏറ്റവും ഉപയുക്തമായ തെളിവാണ്.

അവധാനതയില്ലാതെപോയതാണ് ബ്രദർഹുഡിന്റെ ചരിത്രത്തിലെ മുഖ്യ പരാജയമെന്നും രാവിലെ വിതക്കുന്നത് വൈകുന്നേരംതന്നെ കൊയ്യാനുള്ള ധൃതിയും ആവേശവും കാട്ടിയ പ്രവർത്തകർക്ക് നൂഹ്‌നബി(അ)യുടെ 950 വർഷത്തെ വിസ്മരിക്കുകയും മുഹമ്മദ് നബി(സ)യുടെ 23 വർഷത്തെ ഓർക്കുകയും ചെയ്യുന്ന മനസ്സായിരുന്നുവെന്ന് നിരൂപകന്മാരും ചൂണ്ടിക്കാട്ടുന്നു. സർവായുധ വിഭൂഷിതരായ ഭരണകൂടങ്ങ



ളോട് എറ്റുമുട്ടാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ യുവാക്കൾ കാട്ടിയ ആവേശം അബദ്ധമായിരുന്നുവെന്നും സിറിയയിലും തുനീഷ്യയിലും ഈജിപ്തിലും അൾജീരിയയിലും ഈ അവധാനതയില്ലായ്മ സംഭവിച്ചതായും പിന്നീടിവർ സമ്മതിച്ചിട്ടുണ്ട്. തുനീഷ്യയിലെ 'അന്നഹ്ദ പാർട്ടി' സർക്കാരുമായി തുറന്ന ഏറ്റുമുട്ടലിനിറങ്ങി പരാജയപ്പെട്ട കഥയും പിന്നീട് അവർ സമ്മതിച്ചിട്ടുണ്ട്.

'അന്നിളാമുൽ ഖാസ്' എന്ന പേരിൽ രൂപികരിക്കപ്പെട്ട രഹസ്യ സായുധവിഭാഗം ഇഖ്‌വാനിന് പിന്നീട് വരുത്തിവെച്ച തലവേദനകൾ ചില്ലറയായിരുന്നില്ല. സായുധാക്രമണത്തിനായി രൂപീകരിക്കപ്പെട്ട ഈ വിഭാഗം ഈജിപ്ഷ്യൻ പ്രധാനമന്ത്രി മഹ്മൂദ് നഖ്റാഷിന്റെയും ജഡ്ജി അഹ്മദ് ഖാസന്ദാറിന്റെയും വധത്തിന് ചുക്കാൻ പിടിച്ചുവെന്ന് പിന്നീട് തെളിഞ്ഞു. ജമാൽ അബ്ദുന്നാസിറിന് നേരെ അന്നിളാമുൽ ഖാസ് ആസൂത്രണം ചെയ്ത വധശ്രമം പരാജയപ്പെട്ടതോടെ, ഈജിപ്ഷ്യൻ ജയിലറകളിൽ ചോരപ്പുഴകളൊഴുകിയെന്ന് തടവുകാരായിരുന്ന ഡോ. ഖർദാവിയും മുഹമ്മദുൽ ഗസ്സാലിയും സാക്ഷ്യം വഹിക്കുന്നു. ജയിലറകളിലെ ക്രൂരമായ പീഡനത്തിൽ കൊല്ലപ്പെട്ടവരുടെ മൃതശരീരങ്ങൾ കമ്പിളിപ്പുതപ്പിൽ പൊതിഞ്ഞുകെട്ടി മരുഭൂമിയിൽ രഹസ്യമായി കുഴിച്ചുമൂടാൻ കോണ്ടുപോകുന്ന നിരവധി കാഴ്ചകൾക്ക് താൻ സാക്ഷ്യം വഹിച്ചതായി ഡോ. ഖർളാവി രേഖപ്പെടുത്തുന്നു. 1954 മുതൽ 1970വരെ തുടർന്ന ഈ കാലയളവിലാണ് വിവിധ ജി.സി.സി.രാജ്യങ്ങളിലേക്ക് ബ്രദർഹുഡ് പ്രവർത്തകർ കൂട്ടംകൂട്ടമായി ഇരുളിന്റെ മറവിൽ പലായനം ചെയ്തത്.

ഇതിൽനിന്നും ഒട്ടും കുറയാത്ത അവസ്ഥയായിരുന്നു സിറിയയിൽ. ഭേദപ്പെട്ടനിലയിൽ സംഘടനാപ്രവർത്തനവും ഭരണത്തിൽ പങ്കാളിത്തവും വഹിച്ചിരുന്ന ഇഖ്‌വാനികൾക്ക് ഒരുദിനം അവധാനത നഷ്ടപ്പെട്ടുവെന്ന് പറയാം. സിറിയയിലെ ഹമാതിൽ ആവേശംമൂത്ത ഇഖ്‌വാനികൾ നയിച്ച അട്ടിമറിയെ ഭരണകൂടം അടിച്ചൊതുക്കി. ഹാഫിളുൽ അസദിന്റെ പട്ടാളം ചരിത്രത്തിലെ ഏറ്റവുംവലിയ നരഹത്യക്ക് ചുക്കാൻപിടിച്ചു. ഇഖ്‌വാനികളുടെ ഗൂഢാലോചനാകേന്ദ്രങ്ങളെന്ന് സംശയിക്കപ്പെട്ട പള്ളികൾപോലും പട്ടാളം തവിടുപൊടിയാക്കി. മുപ്പതിനായിരത്തിലധികം ഇഖ്‌വാനികൾക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നാണ് അനൗദ്യോഗിക കണക്ക്. സ്ഥിരബുദ്ധിയും ഇസ്‌ലാമും നഷ്ടപ്പെട്ട ആവേശംമൂത്ത പ്രവർത്തകരായിരുന്നു ഇതിനെല്ലാം കാരണമായത്.

ഇസ്‌ലാമിക പ്രമാണങ്ങളുടെ അരികിൽനിന്നും മൂലയിൽനിന്നും ആവേശപൂർവം അടർത്തിയെടുത്ത വാക്കുകളും വരികളും ഇഖ്‌വാനികൾ സമൂഹത്തിലേക്ക് വ്യാപകമായി വാരിവിതറി. മുസ്‌ലിം സമൂഹത്തെയും നേതാക്കളെയും 'ജാഹിലിയ്യത്തി'ന്റെ വക്താക്കളാക്കി സയ്യിദ് ഖുത്വുബ് നടത്തിയ നിരീക്ഷണങ്ങളായിരുന്നു ഇതിൽ മുഖ്യം. ഇതിനെ വ്യാഖ്യാനിച്ചും അടിച്ചുപരത്തിയും പുതിയ തീവ്രവാദത്തിന്റെ വക്താക്കൾ സംഘടനയിലേക്ക് കടന്നുവന്നു. ബ്രദർഹുഡിനെ ഇവർ നെടുകെ പിളർത്തി. 'ജമാഅത്തു തക്ഫീർ വൽഹിജ്റ,' 'അൽജിഹാദ്' തുടങ്ങിയ ഗ്രൂപ്പുകൾ ഇങ്ങനെ പ്രത്യക്ഷപ്പെട്ടവയാണ്. സായുധകലാപത്തെ അനുകൂലിക്കണമെന്നും അതല്ല പ്രതികൂലിക്കണമെന്നും അവകാശപ്പെടുന്ന രണ്ടു വിഭാഗങ്ങൾ സിറിയയിലും പ്രത്യക്ഷപ്പെട്ടു. ഉസാമുൽ അത്ത്വാർ മിതവാദികൾക്ക് നേതാവായി.[11]

എന്തിനാണ് സംഘടന രൂപീകരിക്കപ്പെട്ടത്, എന്താണ് തങ്ങളുടെ മാർഗം, എന്തിനെയാണ് ലക്ഷ്യമിടുന്നത് എന്നതൊന്നും മനസ്സിലാക്കാനോ ചിന്തിക്കാനോ കഴിവോ പ്രാപ്തിയോ ഉള്ളവരായിരുന്നില്ല പ്രവർത്തകരിൽ ബഹുഭൂരിപക്ഷവും. 'കാട്ടിലെ തടിയും തേവരുടെ ആനയും' മാതിരി കയ്യിൽ കിട്ടിയതിനെയെല്ലാം തങ്ങൾക്ക് അഭികാമ്യമായ നിലയിൽ വ്യാഖ്യാനിക്കാനും നിലപാടുകൾ സ്വീകരിക്കാനും പരസ്പരം മത്സരിക്കുന്ന ആവേശക്കമ്മറ്റിക്കാരെ നിയന്ത്രിക്കാൻ 'മുർഷിദുമാരും' പരാജപ്പെട്ടു. പ്രാമാണിക രേഖകളായി ഉയർത്തിക്കാണിക്കപ്പെട്ട, സയ്യിദ് മൗദൂദി സാഹിബിന്റെ അറബിയിലേക്ക് പരിഭാഷപ്പെ

> **ഇസ്‌ലാമിക പ്രമാണങ്ങളുടെ അരികിൽനിന്നും മൂലയിൽനിന്നും ആവേശപൂർവം അടർത്തിയെടുത്ത വാക്കുകളും വരികളും ഇഖ്‌വാനികൾ സമൂഹത്തിലേക്ക് വ്യാപകമായി വാരിവിതറി. മുസ്‌ലിം സമൂഹത്തെയും നേതാക്കളെയും 'ജാഹിലിയ്യത്തി'ന്റെ വക്താക്കളാക്കി സയ്യിദ് ഖുത്വുബ് നടത്തിയ നിരീക്ഷണങ്ങളായിരുന്നു ഇതിൽ മുഖ്യം. ഇതിനെ വ്യാഖ്യാനിച്ചും അടിച്ചുപരത്തിയും പുതിയ തീവ്രവാദത്തിന്റെ വക്താക്കൾ സംഘടനയിലേക്ക് കടന്നുവന്നു. ബ്രദർഹുഡിനെ ഇവർ നെടുകെ പിളർത്തി. 'ജമാഅത്തു തക്ഫീർ വൽഹിജ്റ,' 'അൽജിഹാദ്' തുടങ്ങിയ ഗ്രൂപ്പുകൾ ഇങ്ങനെ പ്രത്യക്ഷപ്പെട്ടവയാണ്.**

ടുത്തപ്പെട്ട രചനകളാകട്ടെ ഇഖ്‌വാനികൾക്കിടയിൽ ചിന്താപരമായ സംഘട്ടനങ്ങൾക്ക് തുടക്കമിട്ടു. ഈ ശൈഥില്യത്തെ പരിഹരിക്കാൻ പര്യാപ്തരായ നേതാക്കളും പണ്ഡിതന്മാരും നാടുവിടുകയോ ജയിലിൽ അടക്കപ്പെടുകയോ ചെയ്തതോടെ സംഘടന തികച്ചും നാഥനില്ലാക്കളരിയായിത്തീർന്നു.

ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഒരു സലഫിപ്രബോധക സംഘമാണെന്ന ധാരണയാണ് അറബ് രാജ്യങ്ങളിൽ ഇവർ വ്യാപകമായി പടർത്തിയിട്ടുള്ളത്. ക്വുർആനിനോടും നബിﷺയുടെ ചര്യകളോടും വ്യക്തമായ പ്രതിബദ്ധതയുള്ള നല്ലൊരു വിഭാഗം നിഷ്‌ക്കളങ്കർ അറിഞ്ഞോ അറിയാതെയോ ഇവർക്കൊപ്പം ചേരുകയും ഇവരുടെ ക്ലാസുകളിൽ ശ്രോതാക്കളാവുകയും ചെയ്യാറുണ്ട്. തുടക്കത്തിൽ ആത്മസംസ്‌കരണം, പരലോകചിന്ത, സമൂഹത്തിനോടുള്ള ബാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ നടത്തിവരാറുള്ള ഭക്തിനിർഭരമായ ക്ലാസ്സുകളാണ് ഇവരെ ആകർഷിക്കുന്നത്. ക്ലാസ്സുകളിൽ കൃത്യനിഷ്ഠ പുലർത്തുകയും ബദ്ധശ്രദ്ധാലുക്കളാവുകയും ചെയ്യുന്നവരെ പ്രത്യേകം നോട്ടുചെയ്തായിരുന്നു സയ്യിദ് ഖുതുബും ഹസനുൽബന്നയും സംഘടനയുടെ പോളിസി-പ്രോഗ്രാമുകൾ ഇഞ്ചക്റ്റ് ചെയ്തിരുന്നത്. പിന്നീട് ഒരിക്കലും പൊതുധാരയിലേക്ക് മടങ്ങിവരാൻ സാധിക്കാത്ത നിലയിൽ ഇവർ മസ്തിഷ്‌ക്ക പ്രക്ഷാളനത്തിന് വിധേയരാവുകയും സംഘടന നിർണയിച്ച 'അമീറിനുള്ള ബൈഅത്ത്' തുടങ്ങിയ നടപടിക്രമങ്ങൾക്ക് ഇരയാവുകയും ചെയ്യുന്നു. ഇതാണ് സാധാരണ കണ്ടുവരാറുള്ള നടപടിക്രമം.

ഇങ്ങനെ സംഘടനയുടെ ബൈഅത്ത് നടപടിക്രമങ്ങൾ സ്വീകരിച്ച യുവാക്കളിൽ പലരും നെരിയാണിക്ക് മുകളിൽ വസ്ത്രം ധരിച്ചവരും താടി നീട്ടിവളർത്തിയവരും സദാ അറാക്കിന്റെ കൊള്ളിക്കഷണം കൂടെ കരുതിയവരും ആയിരുന്നു. ഈ വേഷവിധാനവും നടപടിക്രമവും മിഡിൽ ഈസ്റ്റിലും മറ്റു അറബ് രാജ്യങ്ങളിലും പൊതുവിൽ ഇസ്‌ലാമിനെ അഗാധമായി സ്‌നേഹിക്കുകയും മുഹമ്മദ് നബിﷺയുടെ മഹനീയ ചര്യകളെ ആദരപൂർവം സമീപിക്കുകയും ചെയ്യുന്ന യുവാക്കളെ സംശയത്തിന്റെ നിഴലിൽനിർത്താൻ കാരണമായിട്ടുണ്ടെന്നതിൽ സംശയമില്ല.

തന്ത്രശാലികളായ ഇഖ്‌വാനികൾ, അവർ കൃത്യമായ നമസ്‌കാരം തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധയില്ലാത്തവരാണെങ്കിൽപോലും 'ഞങ്ങൾ സലഫികളാണ്' എന്ന് അറബ് സമൂഹങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ച് വരുന്നുണ്ട്. ഇത് സ്ഥാപകനായ ഹസനുൽബന്ന, സംഘടനയുടെ സുഗമമായ വേരോട്ടത്തിന് കണ്ടെത്തിയ ഒരു കുരുട്ടുബുദ്ധിയായിരുന്നു. എലിയെപ്പേടിച്ച് ഇല്ലംചുട്ട മാതിരിയായിരുന്നു ഇതിന്റെ തിക്താനുഭവങ്ങൾ. നിഷ്‌ക്കളങ്കരായ സമൂഹം മതപ്രചാരണത്തെമാത്രം ലക്ഷ്യമിട്ട് ഒത്തുകൂടിയിരുന്ന പല സെന്ററുകളും ക്ലാസ്സുകളും അടച്ചുപൂട്ടേണ്ടിവന്നതിനു പിന്നിലെ രസതന്ത്രം ഇത്തരം ഇഖ്‌വാനിബാധയും അതിനെ തുടർന്നുള്ള സംശയങ്ങളുമായിരുന്നു. ഹസനുൽബന്നയുടെ ഭാഷയിൽ പറഞ്ഞാൽ ഒരേസമയും സലഫിയും സുന്നിയും സൂഫിയുമാണ് ഇഖ്‌വാനികൾ.

ഹസനുൽബന്നയിലൂടെ സയ്യിദ് ഖുതുബ് നട്ടുനനച്ച് വളർത്തിയെടുത്ത് ലോകം മുഴുവനും വ്യാപിച്ച ഈ 'ഖവാരിജ്' ചിന്തയുടെ യഥാർഥ ഉറവിടം ആരായിരുന്നുവെന്ന് പലരും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. 1965ൽ തീവ്രവാദത്തിന്റെ പേരിൽ ഈജിപ്ഷ്യൻ കോടതി വിചാരണചെയ്ത സയ്യിദ് ഖുതുബിനോട് കോടതിയിൽ പ്രോസിക്യൂട്ടർ ചോദിച്ച ചോദ്യത്തിന് ഉത്തരമായി അദ്ദേഹം സയ്യിദ് മൗദൂദിയുടെ പേരാണ് പറഞ്ഞിട്ടുള്ളത്. ഉർദുവിലുള്ള മൗദൂദിയുടെ ലേഖനങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തി ഈജിപ്തിലേക്ക് അയച്ചുകൊടുത്തിരുന്നതായും അവ വായിച്ച് ഇഖ്‌വാനികൾ ആവേശംകൊണ്ടതായും ചരിത്രങ്ങളിൽ കാണാനാകും.

സയ്യിദ് ഖുതുബും ഹസനുൽബന്നയും മൗദൂദിയും ആവേശത്തിന്റെ പേരിൽ വിളിച്ചുപറഞ്ഞ് വിലക്കുവാങ്ങിയ പലതും പരമ അബദ്ധങ്ങളായിരുന്നുവെന്ന് ഇഖ്‌വാൻ മാസ്റ്റർബ്രയിനും മുഖ്യ ആചാര്യനും ഖത്തറിലെ പ്രവാസിയുമായ ഡോ.യൂസുഫുൽ ഖർളാവി പിന്നീട് സമ്മതിച്ചിട്ടുണ്ട്. മൗദൂദിയുടെ ചിന്തകളെയും അബദ്ധങ്ങളെയും നിരൂപണം ചെയ്ത് ഗ്രന്ഥരചന നടത്താനും അദ്ദേഹം തയ്യാറായി.

1950-60 കാലയളവുകളിൽ പ്രചരിപ്പിക്കപ്പെട്ട അനാരോഗ്യകരമായ ചിന്തകളെന്നാണ് ഈ പ്രതിഭാസത്തെ ഖർളാവി പരിചയപ്പെടുത്തിയത്. 'മറ്റുള്ളവരെ ഫാസിഖുകളെന്നും മുബ്തദിഉകളെന്നും, എന്തിനേറെ കാഫിറുകളായിപ്പോലും മുദ്രകുത്തുന്ന പ്രവണത വ്യാപമായി...' എന്നാണ് ഖർളാവി അതിനെപ്പറ്റി വിശേഷിപ്പിച്ചത്. സയ്യിദ് ഖുതുബിന്റെ രചകളെപ്പറ്റി ഖർളാവി എഴുതുന്നു: 'സമൂഹത്തെ കാഫിറാക്കുക, ഇസ്‌ലാമിക വ്യവസ്ഥകളിലേക്കുള്ള പ്രബോധനം നീട്ടിവെക്കണമെന്ന് വാദിക്കുക, ഫിക്വ്ഹിന്റെ പുനരാവിഷ്‌ക്കരണം, ഇജ്തിഹാദിന്റെ പുനരുജ്ജീവനം എന്നീ സങ്കൽപങ്ങളെ പരിഹസിക്കുക,

സമൂഹത്തിൽനിന്നുള്ള വൈകാരികമായ അകൽച്ചക്കും മറ്റുള്ളവരുമായുള്ള ബന്ധവിഛേദനത്തിനും ആഹ്വാനം ചെയ്യുക, ജനങ്ങളോട് മുഴുവൻ കടന്നാക്രമണപരമായ ജിഹാദ് പ്രഖ്യാപിക്കുക, വിട്ടുവീഴ്ചയുടെ വക്താക്കളെ നിസ്സാരരാക്കുക, പാശ്ചാത്യൻ സംസ്ക്കാരത്തിന്റെ മുന്നിൽ അവർ മാനസികമായി പരാജയപ്പെട്ടതായി ആക്ഷേപിക്കുക എന്നീ പ്രവണതകൾ അവയിൽ പ്രകടമാണ്...'

സയ്യിദ് ഖുതുബിന്റെ ചിന്താവൈകല്യങ്ങളെയും തീവ്രതയെയും കുറിച്ച് ഖർളാവി തുടരുന്നു: 'സയ്യിദ് ഖുതുബിന്റെ 'ഫീ ളിലാലിൽ ക്വുർആന്റെ' രണ്ടാം പതിപ്പിലും, 'മആലിമുൻ ഫിത്ത്വരീക്വ്', 'അൽഇസ്‌ലാം വ മുശ്കിലാത്തുൽ ഹളാറ' തുടങ്ങിയ കൃതികളിലും ഈ രീതി വളരെ പ്രകടമാണ്. മർഹും ശൈഖ് സഈദ് ഹവ്വയുടെ കൃതികളും ഈ ഗണത്തിൽ പെടുന്നു. അതേശൈലിയിൽ തന്നെയായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ.

ഡോ. ഖർളാവിയും ജമാഅത്തു പരിഭാഷകരും ലളിത സുന്ദരഭാഷയിൽ നവോത്ഥാന നായകന്റെ പരിവേഷത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ് സയ്യിദ് ഖുതുബിനെ. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, യഥാർഥ ഖവാരിജി ചിന്തകളുടെ വക്താവായിരു സയ്യിദ് ഖുതുബ്. മതപണ്ഡിതൻ എന്നതിനെക്കാളും രാഷ്ട്രീയ വിപ്ലവനായകനെന്ന പേരാണ് അദ്ദേഹത്തിന് കൂടുതലായി ചേരുന്നത്. 'ഇന്ന് ഭൂമുഖത്ത് അല്ലാഹുവിന്റെ ശറഉം ഇസ്‌ലാമിക ഫിക്വ്ഹും നടപടിക്രമമായി സ്വീകരിച്ച ഒരു മുസ്‌ലിം സമൂഹമോ, മുസ്‌ലിം രാഷ്ട്രമോ നിലവിലില്ല' എന്നും 'നമ്മൾ ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്ന ജാഹിലീസമൂഹം, മുസ്‌ലിം സമൂഹമല്ല'(3) എന്നും മുദ്രയടിക്കുന്ന സയ്യിദ് ഖുതുബിന്റെ മാനസികാവസ്ഥ ഏറെ വിശദീകരണങ്ങളാവശ്യമില്ലാത്ത നിലയിൽ തന്നെ പ്രകടമാണ്.

സയ്യിദ് ഖുതുബിന്റെ വികലവാദങ്ങളെ നെഞ്ചിലേറ്റിയ ഇഖ്‌വാനികളുടെ വീക്ഷണത്തിൽ അറബ് മുസ്‌ലിം സമൂഹത്തിന് കേവലം അഹ്‌ലുകിതാബികളായ യഹൂദ, നസ്വാറാക്കളുടെ പദവിയായിരുന്നു. ഖുതുബിന്റെ ആശയങ്ങളിൽ കുടുങ്ങി ഈജിപ്തിലെ മുസ്‌ലിംകൾ അറുത്തതിനെ ഇനി ഭക്ഷിക്കില്ലെന്ന് തീരുമാനിച്ച ഇഖ്‌വാനികളും ഉണ്ടായിരുന്നുവെന്നും അവരോട് 'അഹ്‌ലുൽ കിതാബികൾ അറുത്തത് എന്ന നിലയിൽ ഭക്ഷിച്ചുകൊള്ളാൻ'(14) സയ്യിദ് ഖുതുബ് നിർദേശിച്ചതും ഇഖ്‌വാന്റെ ചരിത്രം രേഖപ്പെടുത്തിയ അലി അശ്മാവി എഴുതിയിട്ടുണ്ട്. ഇഖ്‌വാന്റെ രഹസ്യ സൈനിക വിഭാഗത്തിൽ പോരാളിയായിരു ന്നു അശ്മാവി എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇഖ്‌വാൻ ബാന്ധവത്തിന്റെ പേരിൽ ജയിലിൽ പീഡിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ജുമുഅ നമസ്കാരത്തിന്റെ സമയത്ത് പള്ളിയിലേക്ക് പോകാതെ; 'ഖിലാഫത്ത് നിലവിലില്ലാത്തതിനാൽ ജുമുഅ ഇല്ലെന്നും ഖിലാഫത്ത് നിലവിൽ വന്നശേഷമെ ജുമുഅ ഉണ്ടാവുകയുള്ളൂ'(15) എന്നും സയ്യിദ് ഖുതുബ് ഫത്‌വ നൽകി. പ്രമുഖന്മാരായ ഒട്ടുമിക്ക സ്വഹാബിമാരും ഇഖ്‌വാൻ നേതാവ് സയ്യിദ് ഖുതുബിന്റെ ക്രൂരമായ വിമർശനത്തിനിരയായിട്ടുണ്ട്. ഈ പരാമർശങ്ങൾ തിരുത്താനും സത്യത്തിന്റെ മാർഗത്തിലേക്ക് മടങ്ങിവരാനും അദ്ദേഹത്തെ പലരും ഉപദേശിച്ചുവെങ്കിലും അതിനൊന്നും സയ്യിദ് ഖുതുബിന്റെ ധാർഷ്ട്യം അദ്ദേഹത്തെ അനുവദിച്ചില്ല.


**Ref:**

1. https://www.spa.gov.sa/2155560 Saudi Press Agency
2. https://www.malayalamnewsdaily.com/ മലയാളം ന്യൂസ് ദിനപ്പത്രം 12.11.2020 വ്യാഴം
3. https://twitter.com/Dr_Abdullatif_a
4. https://alarab.co.uk/ 2020/11/11
5. His first interview with an American television network, Mohammed bin Salman shared his thoughts on Iran, the humanitarian crisis in Yemen, his countries troubled past and its hopeful future. https://www.cbsnews.com/news/saudicrownprincetalksto60minutes/
6. https://www.alarabiya.net/ar/arabandworld/egypt/2020/11/11
7. https://www.aljazeera.net/news/2020/11/11
8. 28 November 2002 Asharqul Awsath Daily no: 8766 https://archive.aawsat.com/details.asp?issueno=8435&article=138584#.X64TnN4zbIU
9. അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ, പേജ്: 40. ഡോ.അബ്ദുസ്സലാം വാണിയമ്പലം, ഐ.പി.എച്ച്, കോഴിക്കോട്. പതിപ്പ്: 2, ഡിസംബർ: 2006
10. മുദാകറാത്തുദ്ദഅ്‌വത്തി വദ്ദാഇയ്യ: ഹസനുൽ ബന്ന
11. അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ: ഡോ.അബ്ദുസ്സലാം വാണിയമ്പലം
12. ഇസ്‌ലാമിക പ്രസ്ഥാനം മുൻഗണനാക്രമം: ഡോ. യൂസുഫുൽ ഖർളാവി, ഐ.പി.എച്ച്- കോഴിക്കോട്, പേജ്: 76,77)
13. സയ്യിദ് ഖുതുബിന്റെ ഫീ ളിലാലിൽ ഖുർആൻ, വഴിഅടയാളങ്ങൾ തുടങ്ങിയ രചനകൾ പരിശോധിക്കുക.
14. പേജ്: 172
15. പേജ്: 66-68

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ്

# നേർപഥം MEGA Online Quiz

zameel
the soulmate



## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- **ആഗസ്ത് 1 മുതൽ ഡിസംബർ 5 വരെ പുറത്തിറങ്ങുന്ന ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.**
- **പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ഡിസംബർ 27ന് മെഗാ ഓൺലൈൻ ക്വിസ് മത്സരം നടത്തും.**
- **മെഗാ ക്വിസ് മത്സരത്തിലെ വിജയികളെ മാത്രം വെച്ച് നടത്തുന്ന ഓൺലൈൻ ലൈവ് ക്വിസ് മത്സരത്തിലൂടെ ആദ്യ സ്ഥാനക്കാരെ കണ്ടെത്തും.**
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 199

**ഒന്നാം സമ്മാനം:**
Nidha Umer TP, Kottappuram, Malappuram

**രണ്ടാം സമ്മാനം:**
Sana Vakayil, Puthalam, Areekode

**മൂന്നാം സമ്മാനം:**
Rabiya MB, Taliparamba, Kannur



ലേഖനം

ഡോ. ജൗസൽ
jauzalcp@gmail.com

ഭ്രൂണശാസ്ത്രം ക്വുർആനിലും ഹദീഥിലും 2

# സ്ത്രീപ്രജനനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ


ഇനി, സ്ത്രീയുടെ തെറിച്ചുവീഴുന്ന ദ്രാവകം തറാഇബിൽനിന്ന് പുറപ്പെടുന്നു എന്ന പരാമർശമാണ് പരിശോധിക്കാനുള്ളത്. ‘തറാഇബ്’ എന്ന പദം സാധാരണ സംഭാഷണങ്ങളിൽ ഉപയോഗിക്കുന്ന ഒരു പദമല്ല; സാഹിത്യപരമായ പദമാണ്. ഈ പദത്തിന്റെ അർഥത്തെ സംബന്ധിച്ച് പലതരം അഭിപ്രായങ്ങൾ പണ്ഡിതന്മാർക്കിടയിൽ കാണാവുന്നതാണ്.

തഫ്സീറുകളിൽ ഈ പദത്തെക്കുറിച്ച് ധാരാളം ചർച്ചകൾ കാണാം. തഫ്സീറുകളിലെ ചർച്ചകളെല്ലാം ഇവിടെ പ്രസ്താവിക്കുകയാണെങ്കിൽ ലേഖനം വളരെ അധികം നീണ്ടുപോകും എന്നുള്ളതുകൊണ്ട് വളരെ ചുരുക്കി മാത്രം വിശദീകരിക്കുന്നു:

താബിഈ പണ്ഡിതനായ സഈദ് ബിൻ ജുബൈർ (റഹി) പറഞ്ഞത് ‘തറാഇബ്’ എന്നത് ശരീരത്തിന് ഇരുവശത്തുമുള്ള ഏറ്റവും താഴെയുള്ള 4 വാരിയെല്ലുകൾക്ക് ഇടയിലുള്ള ഭാഗമാണ് (upper abdomen) എന്നാണ്.


ളഹ്ഹാക്(റഹി) പറഞ്ഞത് തറാഇബ് എന്നത് മാറുകൾക്ക് ഇടയിലുള്ള നെഞ്ചകത്തിനും (thorax) കാലുകൾക്കിടയിൽ ഉള്ള ഭാഗത്തിനും(pelvic girdle) കണ്ണുകൾക്ക് ഇടയിലുള്ള ഭാഗത്തിനും (ethmoids) ഒക്കെ ഉപയോഗിക്കുന്ന പദമാണ് എന്നാണ്. (തഫ്സീർ ഇബ്നു കഥീർ).

ഡിക്ഷ്ണറികൾ നോക്കിയാലും ഇതേ അർഥങ്ങൾ കാണാവുന്നതാണ്. AD 1863ൽ Edward William Lane പ്രസിദ്ധീകരിച്ച ArabicEnglish Lexicon ഈ വാക്കിന് ഇതേ അർഥങ്ങൾ കൊടുത്തത് കാണുക:



تَرِيبَةٌ, (S, M, TA,) or ↓ تَرِيبٌ, (TA,) sing. of تَرَائِبُ, (S, M, TA,) which signifies The part of the breast which is the place of the collar, or necklace: (T, M, K:) so by the common consent of the lexicologists: (T:) or the bones of the breast: (M, A, K:) or the bones of the breast that are between the collar-bone and the pap: (S:) or the part of the breast, or chest, that is next to the two collar-bones: or the part that is between the two breasts and the collar-bones: or four ribs of the right side of the chest and four of the left thereof: (M, K:) or the two arms and two legs and two eyes: (T, M, K:) it is also said that the تريبتان are the two ribs that are next to the two collar-bones: IAth says that the تريبة is the uppermost part of the human breast, beneath the chin; and its pl. is as above: accord. to IF, in the Mj, the ↓ تريب is the breast, or chest: MF says that ترائب relates to males and females in common; but most of the authors on strange words affirm decidedly that it is peculiar to women: (TA:) the تريبة of the camel is the part in which it is stabbed, or stuck; syn. منحر. (M.) ترائبيّ rel. n. of ترائب, q. v. (Fr, TA.) تِرْيَاب: see تُرَاب.

ചുരുക്കിപ്പറഞ്ഞാൽ, എല്ലിൻകൂടുകൾക്കിടയിൽ (skeletal cage) സ്ഥിതിചെയ്യുന്ന ശരീരത്തിലെ പല ഭാഗങ്ങളെ സൂചിപ്പിക്കാൻ തറാഇബ് എന്ന പദം ഉപയോഗിക്കുന്നുണ്ട്. ശരീരശാസ്ത്രം അഥവാ അനാട്ടമി യുടെ ഭാഷയിൽ rib cage, shoulder girdle, pelvic girdle എന്നിവയ്ക്കൊക്കെ ഉപയോഗിക്കാവുന്ന ഒരു സാഹിത്യപദമാണ് തറാഇബ് എന്നത്.

സ്വുൽബിനെക്കുറിച്ച് സൂചിപ്പിച്ചപോലെ ഒട്ടുമിക്ക ഇംഗ്ലീഷ്, മലയാളം പരിഭാഷകളിലും തറാഇബിന് വാരിയെല്ല് അഥവാ rib cage എന്ന അർഥമാണ് നൽകിയിട്ടുള്ളത്. എന്നാൽ pelvic girdle എന്ന അർഥമാണ് ഈ ഖുർആൻ ആയത്തിന് യഥാർഥത്തിൽ യോജിച്ച ശരിയായ അർഥം. മുഹമ്മദ് അസദിന്റെ the message of Quran എന്ന പരിഭാഷയിൽ കൃത്യമായി ഈ അർഥം കൊടുത്തിരിക്കുന്നത് കാണാവുന്നതാണ്.




Pelvic girdle എന്നാൽ ഇടുപ്പെല്ലുകൾക്ക് ഇടയിലുള്ള ഭാഗമാണ്. ചിത്രം കാണുക:



പുരുഷശുക്ലം പോലെ സ്ത്രീക്കും തെറിച്ചുവീഴുന്ന ദ്രാവകം ഉണ്ടോ എന്നതായിരിക്കും ഒരുപക്ഷേ, നിങ്ങൾ ചിന്തിക്കുന്നത്. എന്നാൽ അത്ഭുതകരമായ കാര്യം സ്ത്രീക്കും അത്തരത്തിൽ തെറിച്ചുവീഴുന്ന ദ്രാവകം ഉണ്ട് എന്നതാണ്. ഇബ്നു അബ്ബാസിﷺന്റെ വിശദീകരണത്തിലും ജലാലൈനി തഫ്സീറിലും ഒക്കെ പ്രസ്താവിച്ച സ്ത്രീയുടെ തെറിച്ചുവീഴുന്ന മഞ്ഞനിറത്തിലുള്ള ദ്രാവകമാണ് mature ovarian follicular fluid.

സ്ത്രീയുടെ അണ്ഡാശയത്തിന് അകത്തുള്ള ഒരു അണ്ഡകോശം ഒരു ആർത്തവചക്രത്തിൽ ഒരു പ്രാവശ്യം അടിവയറിനകത്ത് സ്ഖലിക്കപ്പെടുന്ന പ്രതിഭാസമാണ് ഓവുലേഷൻ അഥവാ അണ്ഡസ്ഖലനം. സാധാരണഗതിയിൽ ഒരു മാസം എടുക്കുന്ന ആർത്തവചക്രത്തിന്റെ മധ്യത്തിൽ ഒരു പ്രാവശ്യം മാത്രം നടക്കുന്ന സംഗതിയാണിത്. അണ്ഡാശയത്തിലെ പാകമായ ഓവേറിയൻ ഫോളിക്കിൾ (mature ovarian follicle) അണ്ഡാശയത്തിന് പുറത്തേക്ക് പൊട്ടുകയും അതിനകത്തുള്ള ദ്രാവകം പുറത്തുവരികയും ആണ് ചെയ്യുന്നത്. Follicular fluid എന്നാണ് ഈ ദ്രാവകം അറിയപ്പെടുന്നത്. മഞ്ഞ നിറത്തിലാണ് ഈ ദ്രാവകം ഉള്ളത്. പാകമായ ഓവേറിയൻ ഫോളിക്കിളിന് ഏകദേശം 23 മില്ലിമീറ്റർ വലിപ്പമുണ്ട്. 5 mlൽ കൂടുതൽ മഞ്ഞനിറത്തിലുള്ള ദ്രാവകം ഇതിൽ ഉണ്ടാവും. ഇതിൽ ഒരു അണ്ഡകോശം ഉണ്ടായിരിക്കും. അണ്ഡകോശത്തിന്റ വ്യാസം ഏകദേശം100 മൈക്രോ മീറ്റർ ആണ്. ഒരു തലമുടിയുടെ കനം എന്നുപറയാം. ഓവുലേഷൻ സമയത്ത് സ്ഖലിക്കപ്പെടുന്ന ഫോളിക്കുലർ ഫ്ളൂയിഡ് എന്ന മഞ്ഞ ദ്രാവകത്തിലുള്ള ഈ കുഞ്ഞു അണ്ഡത്തെ ഫലോപ്പിയൻ ട്യൂബ് എന്ന അണ്ഡവാഹിനിക്കുഴൽ സ്വീകരിച്ചു ഗർഭാശയത്തിലേക്ക് നയിക്കുന്നു.

തലച്ചോറിനകത്തെ പിറ്റ്യൂട്ടറി ഗ്രന്ഥി പുറപ്പെടുവിക്കുന്ന Luteinizing hormone എന്ന ഹോർമോണാണ് ഓവുലേഷന് കാരണമാകുന്നത്. ആർത്തവചക്രത്തിന്റെ മധ്യത്തിൽ പിറ്റ്യൂട്ടറി ഗ്രന്ഥി ഈ ഹോർമോൺ വലിയ അളവിൽ പുറപ്പെടുവിക്കുന്നതിന്റെ (leutinizing hormone surge) ഫലമായാണ് ഓവേറിയൻ ഫോളിക്കിൾ പൊട്ടി അണ്ഡസ്ഖലനം സംഭവിക്കുന്നത്. മഞ്ഞ എന്നർഥം വരുന്ന luteus എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് Luteinizing hormone എന്ന പേരുണ്ടായത്. ഓവുലേഷൻ നടന്നതിനു ശേഷമുള്ള ഓവേറിയൻ ഫോളിക്കിൾ Corpus luteum (Latin word for 'yellow body') എന്നാണ് അറിയപ്പെടുന്നത്.

ഈ കാര്യങ്ങളെല്ലാം നടക്കുന്നത് സ്ത്രീശരീരത്തിന് അകത്താണ്. കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ് ഈ കാര്യങ്ങളെക്കുറിച്ചു ശാസ്ത്രത്തിന് അറിവു ലഭിക്കുന്നത്. 1400 വർഷങ്ങൾക്കുമുമ്പ് ഇത്തരം കാര്യങ്ങളെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നില്ല എന്നുള്ളതിൽ സംശയമില്ലല്ലോ. കുഞ്ഞുണ്ടാകുന്നതിൽ പങ്കുവഹിക്കുന്ന സ്ത്രീയുടെ തെറിച്ചുവീഴുന്ന ഈ മഞ്ഞനിറത്തിലുള്ള ദ്രാവകത്തെ പറ്റിയുള്ള പരാമർശം ഹദീഥുകളിലും വ്യക്തമായി കാണാം

പ്രവാചകൻﷺ അരുൾ ചെയ്തു: "പുരുഷന്റെ ദ്രാവകം കട്ടിയുള്ളതും വെളുത്തതും ആണ്. സ്ത്രീയുടെ ദ്രാവകം കട്ടിയില്ലാത്തതു മഞ്ഞയും ആണ്. ഇതിൽ ഏത് അതിജയിക്കുന്നുവോ ജനിക്കുന്ന സന്താനം അവരോട് സാദൃശ്യമുള്ളത് ആയിരിക്കും" (നസാഈ).


വിശുദ്ധ ക്വുർആനിൽ പ്രതിപാദിച്ച സ്ത്രീയുടെ തറാഇബിൽ നിന്ന് ഉത്ഭവിക്കുന്ന തെറിച്ചുവീഴുന്ന, സന്താന ഉൽപാദനത്തിൽ പങ്കുവഹിക്കുന്ന മഞ്ഞ ദ്രാവകം എന്നത് ഓവുലേഷൻ സമയത്ത് ഓവേറിയൻ ഫോളിക്കിൾ പൊട്ടി അണ്ഡ സ്ഖലനം സംഭവിക്കുന്ന കാര്യമാണ് എന്ന് വ്യക്തം. സ്ത്രീയുടെ അണ്ഡാശയം സ്ഥിതിചെയ്യുന്നത് ഗർഭാശയത്തിന് ഇരുവശത്തുമായി pelvic girdleന് അകത്താണ്. വിശുദ്ധ ക്വുർആൻ ആശയത്തോട് ഏറ്റവും യോജിച്ച പരിഭാഷ തറാഇബ് എന്നാൽ pelvic girdle എന്നത് തന്നെയാണ്. 40 വർഷങ്ങൾക്കുമുമ്പ് മുഹമ്മദ് അസദ് പ്രസിദ്ധീകരിച്ച ക്വുർആൻ പരിഭാഷയാണ് ഈ ആയത്തിനെ കൃത്യമായി പരിഭാഷപ്പെടുത്തിയത് എന്നു പറയാം. മിക്ക പരിഭാഷകളിലും കൊടുത്തിട്ടുള്ള വാരിയെല്ല് (rib) എന്ന പരിഭാഷയെക്കാൾ കൃത്യമായ പരിഭാഷ pelvic girdle എന്നതാണ്.

നേരത്തെ പറഞ്ഞ പോലെ ഇത് ചില പരിഭാഷകളുടെ മാത്രം പോരായ്മയാണ്; അല്ലാതെ ഒരിക്കലും വിശുദ്ധ ക്വുർആനിന്റെ പോരായ്മയല്ല. നമ്മൾ ഇവിടെ ദീർഘമായി ചർച്ച ചെയ്ത സൂറഃ ത്വാരിക്വിലെ 5-7 ആയത്തുകളുടെ ശാസ്ത്രീയമായ പരിഭാഷ ഇങ്ങനെ വായിക്കാം:

'എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (പുരുഷനിൽനിന്നും സ്ത്രീ

യിൽ നിന്നും ദ്രാവകങ്ങൾ ഗർഭാശയത്തിനുള്ളിലേക്ക് തെറിച്ചുവീഴുന്നു). പുരുഷന്റെ ഇടുപ്പിൽ നിന്നും സ്ത്രീയുടെ pelvisൽ നിന്നും ആണ് (തെറിച്ചു വീഴുന്ന) ദ്രാവകങ്ങൾ പുറപ്പെടുന്നത്.'

2008ൽ ബെൽജിയത്തിൽ ഗർഭാശയം നീക്കംചെയ്യാനുള്ള എൻഡോസ്കോപ്പി സർജറി ചെയ്യുന്നതിനിടയിൽ തികച്ചും ആകസ്മികമായി അണ്ഡാശയത്തിൽ നിന്ന് ഓവുലേഷൻ നടക്കുന്നത് ലോകത്ത് ആദ്യമായി ലൈവായി നേരിട്ട് കാണാൻ ഇടയായി. അതിന്റെ ചിത്രം താഴെ കൊടുക്കുന്നു. ഓവേറിയൻ ഫോളിക്കിൾ പൊട്ടി മഞ്ഞനിറത്തിലുള്ള ദ്രാവകം പുറത്തുവരുന്നത് ഇതിൽ വ്യക്തമായി കാണാവുന്നതാണ്. (അവലംബം: ബിബിസി ന്യൂസ് റിപ്പോർട്ട്).



സ്ത്രീയുടെ ശരീരത്തിൽ നടക്കുന്ന ഓവുലേഷൻ എന്ന പ്രക്രിയയുടെ ഒരു എജുക്കേഷനൽ വീഡിയോ ലിങ്ക് ഇവിടെ കൊടുക്കുന്നു: https://youtu.be/wcVC3TFI7fQ

സ്ത്രീയുടെ ശരീരത്തിൽ തറാഇബിൽ അഥവാ pelvic girdleൽ സ്ഥിതിചെയ്യുന്ന അണ്ഡാശയം ഓവുലേഷൻ സമയത്ത് അണ്ഡവിസർജനം നടത്തുന്ന പ്രക്രിയ മനോഹരമായി വീഡിയോയിൽ ആവിഷ്കരിച്ചിരിക്കുന്നു. ക്വുർആൻ പ്രസ്താവിച്ച സ്ത്രീയുടെ തെറിച്ചുവീഴുന്ന മഞ്ഞനിറത്തിലുള്ള ദ്രാവകത്തെപ്പറ്റി കൃത്യമായ ഒരു അവബോധം ഉണ്ടാക്കാൻ വീഡിയോ സഹായിക്കുമെന്ന് കരുതുന്നു.

അല്ലാഹു എത്ര പരിശുദ്ധൻ! വളരെ കൃത്യമായ സയന്റിഫിക് ആയ പ്രസ്താവനകൾ തന്നെയാണ് ക്വുർആനിൽ ഉള്ളത് എന്ന് വ്യക്തമാക്കുന്നതാണ് ഇത്തരം ആയത്തുകൾ. ഇസ്‌ലാം വിമർശകർ വികലമാക്കി അവതരിപ്പിച്ചതുകൊണ്ടാണ് ഇതെല്ലാം ഡീറ്റെയിൽ ആയി തന്നെ പരിശോധിക്കുവാൻ തുനിഞ്ഞത്. ക്വുർആൻ കൂടുതൽ കൂടുതൽ അടുത്തറിയുമ്പോൾ അത്ഭുതങ്ങളുടെ പുതിയ പുതിയ വാതായനങ്ങൾ നമുക്ക് മുന്നിൽ തുറക്കപ്പെടുന്നു. ക്വുർആൻ വചനങ്ങളുടെ ശാസ്ത്രീയമായ കൃത്യത വളരെ മികവോടെ നമുക്ക് മുന്നിൽ അനാവൃതമാകുന്നു. ആധുനികമായ വ്യാഖ്യാനങ്ങൾക്ക് പിറകെ പോവാതെ മുഹമ്മദ് നബിﷺയിൽനിന്നും മതം നേരിട്ട് പഠിച്ച സ്വഹാബികളുടെ വ്യാഖ്യാനങ്ങൾക്കാണ് നാം ഊന്നൽ കൊടുക്കേണ്ടത് എന്ന വസ്തുതയും കൂടി കൃത്യമായി ബോധ്യപ്പെടുത്തുന്നതാണ് ഇത്തരം വിമർശനങ്ങൾ. സ്വഹാബികളും താബിഉകളും പഠിപ്പിച്ച ക്വുർആൻ വ്യാഖ്യാനങ്ങൾ നമുക്ക് മുന്നിലുണ്ട്. പഴയകാല ഇമാമുമാർ പഠിപ്പിച്ച ക്വുർആൻ വ്യാഖ്യാനങ്ങൾ നമുക്ക് മുന്നിലുണ്ട്. അതിലെല്ലാം വളരെ വ്യക്തമായി ഇക്കാര്യം കൈകാര്യം ചെയ്തിട്ടുമുണ്ട് എന്ന് മുകളിൽ കൃത്യമായി പ്രസ്താവിച്ചു കഴിഞ്ഞു.

ശാസ്ത്രീയമായ അറിവുകൾ വളരെ പരിമിതമായിരുന്ന അക്കാലത്ത് പല സൂക്തങ്ങളുടെയും ശാസ്ത്രീയമായ ഉദ്ദേശ്യങ്ങൾ അവർക്ക് ബോധ്യമായിരുന്നില്ലായിരിക്കാം. പക്ഷേ, അവയെല്ലാം എത്രമാത്രം ശാസ്ത്രീയമായി കൃത്യമായതായിരുന്നു എന്ന് നമുക്ക് ശാസ്ത്രം വികസിച്ച ഇന്നത്തെ കാലത്ത് ബോധ്യപ്പെടുന്നു. ശാസ്ത്രീയമായ അറിവുകൾ കൂടുന്നതിനനുസരിച്ച് ക്വുർആനിന്റെ ദൈവികത കൂടുതൽ കൂടുതൽ വ്യക്തമാകുന്നു. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിക്കപ്പെട്ട ഒരു ഗ്രന്ഥം ഇന്നും അതേ രൂപത്തിൽ യാതൊരു തിരുത്തലുകളും ഇല്ലാതെ അതിശക്തമായി കാലത്തെ അതിജീവിച്ചു നിലകൊള്ളുന്നു എന്നത് ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമാണ്.

"അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു"(ക്വുർആൻ 61:8).

"സൻമാർഗവും സത്യമതവുംകൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചുകാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് അത് അനിഷ്ടകരമായാലും ശരി"(ക്വുർആൻ 61:9). **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം




അധ്യായം: 59

# ഹശ്ർ (തുരത്തിയോടിക്കൽ)

(മദീനയിൽ അവതരിച്ചത്)

## ആമുഖം

സൂറതു ബനുന്നളീർ എന്നും ഈ അധ്യായത്തിന് പേരുണ്ട്. നബിﷺയുടെ നിയോഗസമയത്ത് മദീനയിലുണ്ടായിരുന്ന ഏറ്റവുംവലിയ ജൂതവിഭാഗമാണ് ഇവർ. നബിﷺ നിയോഗിക്കപ്പെടുകയും മദീനയിലേക്ക് പലായനം ചെയ്യുകയും ചെയ്തപ്പോൾ ജൂതന്മാരിൽ നിന്നും അവിശ്വസിച്ചവരുടെ കൂട്ടത്തിൽ ഇവരും അവിശ്വസിച്ചു. മദീനയിൽ തന്റെ അയൽവാസികളായ ജൂതഗോത്രങ്ങളുമായി നബിﷺ സന്ധിയുണ്ടാക്കി. ബദ്ർയുദ്ധം കഴിഞ്ഞ് ആറു മാസത്തിനുശേഷം നബിﷺ അവരുടെ അടുത്ത് ചെല്ലുകയും അംറുബ്നു ഉമയ്യതുള്ളംരിയെ കൊലചെയ്ത കുലാബികൾക്കുള്ള പ്രായശ്ചിത്തം നൽകാൻ സഹായിക്കണമെന്ന് അവരോട് സംസാരിക്കുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു: 'അബുൽക്വാസിമേ, ഞങ്ങളങ്ങനെ ചെയ്യാം. നിന്റെ ആവശ്യം ഞങ്ങൾ നിർവഹിച്ചുതരുന്നതുവരെ നീ ഇവിടെയിരിക്കുക.'

അങ്ങനെ അവർ പരസ്പരം മാറിയിരുന്നു. അവരുടെ ദുഷ്ടത അവർക്ക് പിശാച് അലങ്കാരമായി കാണിച്ചുകൊടുത്തു. നബിﷺയെ വധിക്കാൻ അവർ ഗൂഢാലോചന നടത്തി. അവർ ചോദിച്ചു: 'ഈ ആട്ടുകല്ലെടുത്ത് മുകളിൽ കയറി അത് മുഹമ്മദിന്റെ തലയിലിട്ട് അതുകൊണ്ട് തല ചതക്കാൻ നിങ്ങളിലാരുണ്ട്?' അവരിലേറ്റവും ദുഷ്ടനായ അംറു ബിൻ ജഹാഷ് പറഞ്ഞു: 'ഞാൻ ചെയ്യാം.' അപ്പോൾ സലാമിബ്നു മിഷ്കം അവരോട് പറഞ്ഞു: 'നിങ്ങളങ്ങനെ ചെയ്യരുത്. നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അല്ലാഹു അദ്ദേഹത്തെ അറിയിക്കുകതന്നെ ചെയ്യും. തീർച്ചയായും അത് അദ്ദേഹത്തിന്റെയും നമ്മുടെയും ഇടയിലുള്ള കരാർലംഘനം കൂടിയാണ്.'

അവരുടെ ഉദ്ദേശ്യത്തെക്കുറിച്ച് പെട്ടെന്നു തന്നെ തന്റെ രക്ഷിതാവിങ്കൽനിന്ന് നബിﷺക്ക് വഹ്‌യ് വന്നു. നബിﷺ എഴുന്നേറ്റ് പെട്ടെന്ന് മദീനയിലേക്ക് തിരിക്കുകയും ചെയ്തു. നബിﷺയുടെ അനുചരന്മാരും കൂടെ ചേർന്നു. അവർ പറഞ്ഞു: 'താങ്കൾ എഴുന്നേറ്റുപോന്നത് ഞങ്ങളറിഞ്ഞില്ല.' അപ്പോൾ ജൂതന്മാരുടെ ഉദ്ദേശ്യത്തെക്കുറിച്ച് നബിﷺ അവരെ അറിയിച്ചു. തുടർന്ന് നബിﷺ അവരിലേക്ക് ആളെ അയക്കുകയും തന്റെ കൂടെ താമസിക്കേണ്ടതില്ലെന്നും മദീന വിട്ട് പുറത്തുപോകണമെന്നും അറിയിക്കുകയും ചെയ്തു. പത്തുദിവസത്തെ അവധി ഞാൻ നിങ്ങൾക്ക് നൽകുന്നുണ്ടെന്നും അതിനുശേഷം ആരെയെങ്കിലും മദീനയിൽ കണ്ടാൽ അവനെ വധിച്ചുകളയുമെന്നും അറിയിച്ചു.

അങ്ങനെ അവർ ആ ദിവസങ്ങളിൽ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. ആ സന്ദർഭത്തിൽ കപടവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ അവരോട് വീടുവിട്ട് പുറത്തുപോകേണ്ടതില്ലെന്നും തന്റെ കൂടെ രണ്ടായിരം പേരുണ്ടെന്നും അവർ നിങ്ങളോടൊപ്പം കോട്ടയിൽ പ്രവേശിക്കുമെന്നും നിങ്ങളോടൊപ്പം മരിക്കാൻ അവരും കൂടി ഉണ്ടായിരിക്കുമെന്നും പറഞ്ഞു. മാത്രവുമല്ല, ബനൂകുറൈളയും ഗത്ഫാൻകാരിൽനിന്നുള്ള സഖ്യകക്ഷികളും നിങ്ങളെ സഹായിക്കുമെന്നും പറഞ്ഞു.

ജൂതനേതാവായ ഹുയയ്യിബ്നു അഖ്തബിന് ഈ വാക്കുകളിൽ പ്രതീക്ഷയുണ്ടായി. അയാൾ നബിﷺയുടെ അടുത്തേക്ക് ആളെ അയച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ ഞങ്ങളുടെ വീടുകളിൽനിന്ന് പുറത്തുപോകുകയില്ല. നീ നിനക്കിഷ്ടമുള്ളത് ചെയ്തുകൊള്ളുക.' അപ്പോൾ നബിﷺയും അനുചരന്മാരും അല്ലാഹുവിനെ മഹത്ത്വപ്പെടുത്തി അവരിലേക്ക് പുറപ്പെട്ടു. നേതൃത്വം അലിയ്യിബ്നു അബീത്വാലിബിؓനായിരുന്നു. കല്ലുകൊണ്ടും അമ്പുകൊണ്ടും എറിഞ്ഞുകൊണ്ട് കോട്ടകൾക്കെതിരെ അവർ നിലകൊണ്ടു. ബനൂകുറൈളക്കാർ അവരെ കൈവിട്ടു. ഇബ്നുഉബയ്യും ഗത്ഫാൻ സഖ്യകക്ഷികളും അവരെ വഞ്ചിച്ചു. പ്രവാചകൻﷺ അവരെ ഉപരോധിച്ചു. അവരുടെ ഈന്തപ്പനകൾ മുറിക്കുകയും കത്തിച്ചുകളയുകയും ചെയ്തു. അപ്പോൾ അവർ നബിയിലേക്ക് ആളെ അയച്ചു. ഞങ്ങൾ മദീനയിൽ നിന്ന് പുറത്തുപോകാമെന്ന് അറിയിച്ചു. അവർക്കും അവരുടെ മക്കൾക്കും ആയുധമൊഴികെ ഒരു ഒട്ടകത്തിനു വഹിക്കാവുന്ന വസ്തുക്കളുമായി അവരെ പോകാനനുവദിച്ചു. സ്വത്തുക്കളും ആയുധങ്ങളും നബിﷺ പിടിച്ചുവെച്ചു.

> **നബിﷺയുടെ നിയോഗസമയത്ത് മദീനയിലുണ്ടായിരുന്ന ഏറ്റവുംവലിയ ജൂതവിഭാഗമാണ് ബനുന്നളീർ. നബിﷺ നിയോഗിക്കപ്പെടുകയും മദീനയിലേക്ക് പലായനം ചെയ്യുകയും ചെയ്തപ്പോൾ ജൂതന്മാരിൽ നിന്നും അവിശ്വസിച്ചവരുടെ കൂട്ടത്തിൽ ഇവരും അവിശ്വസിച്ചു. മദീനയിൽ തന്റെ അയൽവാസികളായ ജൂതഗോത്രങ്ങളുമായി നബിﷺ സന്ധിയുണ്ടാക്കി.**

ബനുന്നളീർ ഗോത്രം പ്രവാചകന് ആപത്ത് വരുത്താനും മുസ്‌ലിംകളുടെ ഗുണത്തിനെതിരായും മാത്രം നിലകൊണ്ടവരുമായിരുന്നു. ഈ സ്വത്തുക്കൾ നബിﷺ വീതിച്ചില്ല. കാരണം അത് യുദ്ധം ചെയ്യാതെ ലഭിച്ച യുദ്ധമുതലാണ്. മുസ്‌ലിംകൾക്ക് അതിന് വേണ്ടി കുതിരകളോ വാഹനങ്ങളോ അധ്വാനങ്ങളോ വേണ്ടിവന്നിട്ടില്ല. ഖൈബറിലേക്ക് അവരെ നാടുകടത്തുകയും ചെയ്തു. അവരിൽ അവരുടെ നേതാവായ ഹുയയ്യിബ്നു അഖ്തബ് ഉണ്ടായിരുന്നു. അവരുടെ വീടുകളും സ്ഥലങ്ങളും അധീനപ്പെടുത്തി. ആയുധങ്ങൾ പിടിച്ചെടുത്തു. അൻപതോളം അങ്കികളും അൻപത് യുദ്ധത്തൊപ്പികളും മുന്നൂറ്റി നാൽപത് വാളുകളും ലഭിച്ചു. ചരിത്രകാരന്മാർ രേഖപ്പെടുത്തിയ അവരുടെ ചരിത്രത്തിന്റെ ഒരു ചുരുക്കമിതാണ്.

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു.
2. വേദക്കാരിൽ പെട്ട സത്യനിഷേധികളെ ഒന്നാമത്തെ തുരത്തിയോടിക്കലിൽ തന്നെ അവരുടെ വീടുകളിൽനിന്നു പുറത്തിറക്കിയവൻ അവനാകുന്നു. അവർ പുറത്തിറങ്ങുമെന്ന് നിങ്ങൾ വിചാരിച്ചിരുന്നില്ല. തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽനിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് അവർ വിചാരിച്ചിരുന്നു. എന്നാൽ അവർ കണക്കാക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ അടുക്കൽ ചെല്ലുകയും അവരുടെ മനസ്സുകളിൽ ഭയം ഇടുകയും ചെയ്തു. അവർ സ്വന്തം കൈകൾകൊണ്ടും സത്യവിശ്വാസികളുടെ കൈകൾകൊണ്ടും അവരുടെ വീടുകൾ നശിപ്പിച്ചിരുന്നു. ആകയാൽ കണ്ണുകളുള്ളവരേ, നിങ്ങൾ ഗുണപാഠം ഉൾക്കൊള്ളുക.
3. അല്ലാഹു അവരുടെമേൽ നാടുവിട്ടുപോക്ക് വിധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇഹലോകത്തുവെച്ച് അവൻ അവരെ ശിക്ഷിക്കുമായിരുന്നു. പരലോകത്ത് അവർക്കു നരകശിക്ഷയുമുണ്ട്.
4. അത് അല്ലാഹുവോടും അവന്റെ റസൂലിനോടും അവർ മത്സരിച്ചു നിന്നതിന്റെ ഫലമത്രെ. വല്ലവനും അല്ലാഹുവുമായി മത്സരിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ وَهُوَ
ٱلْعَزِيزُ ٱلْحَكِيمُ ١
هُوَ ٱلَّذِيٓ أَخْرَجَ ٱلَّذِينَ كَفَرُواْ مِنْ أَهْلِ ٱلْكِتَٰبِ
مِن دِيَٰرِهِمْ لِأَوَّلِ ٱلْحَشْرِ مَا ظَنَنتُمْ أَن يَخْرُجُواْ
وَظَنُّوٓاْ أَنَّهُم مَّانِعَتُهُمْ حُصُونُهُم مِّنَ ٱللَّهِ
فَأَتَىٰهُمُ ٱللَّهُ مِنْ حَيْثُ لَمْ يَحْتَسِبُواْ وَقَذَفَ فِي
قُلُوبِهِمُ ٱلرُّعْبَ يُخْرِبُونَ بُيُوتَهُم بِأَيْدِيهِمْ وَأَيْدِي
ٱلْمُؤْمِنِينَ فَٱعْتَبِرُواْ يَٰٓأُوْلِي ٱلْأَبْصَٰرِ ٢
وَلَوْلَآ أَن كَتَبَ ٱللَّهُ عَلَيْهِمُ ٱلْجَلَآءَ لَعَذَّبَهُمْ فِي
ٱلدُّنْيَا وَلَهُمْ فِي ٱلْأٓخِرَةِ عَذَابُ ٱلنَّارِ ٣
ذَٰلِكَ بِأَنَّهُمْ شَآقُّواْ ٱللَّهَ وَرَسُولَهُۥ وَمَن يُشَآقِّ ٱللَّهَ فَإِنَّ
ٱللَّهَ شَدِيدُ ٱلْعِقَابِ ٤

1). അല്ലാഹു ഈ അധ്യായം ആരംഭിക്കുന്നത് ആകാശഭൂമികളിലുള്ളതെല്ലാം അവനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുന്നു എന്നറിയിച്ചുകൊണ്ടാണ്. അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതിൽനിന്ന് അവനെ പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു. അവയെല്ലാം അവന്റെ മഹത്ത്വത്തിന് കീഴ്പെടുകയും അവനെ ആരാധിക്കുകയും ചെയ്യുന്നു. കാരണം അവൻ എല്ലാറ്റിനെയും അധീനപ്പെടുത്തുന്ന പ്രതാപശാലിയാണ്. അവന് യാതൊന്നും തടസ്സമുണ്ടാക്കുകയില്ല. ഒരു പ്രയാസമുണ്ടാക്കുന്നവനും അവന്റെമേൽ പ്രയാസമുണ്ടാക്കുകയില്ല. അവന്റെ ശാസനയിലും സൃഷ്ടിപ്പിലുമെല്ലാം അവൻ യുക്തിമാനാണ്. നന്മയില്ലാത്ത ഒന്നും അവൻ നിയമമാക്കുകയില്ല. അവന്റെ യുക്തി താൽപര്യപ്പെടാത്തതൊന്നും അവൻ പ്രവർത്തിക്കുകയില്ല.

2). അതിൽപെട്ടതു തന്നെയാണ് തന്റെ പ്രവാചകന് അല്ലാഹു ചെയ്തുകൊടുത്ത സഹായവും; ബനുന്നളീറിൽപെട്ട വേദക്കാരായ അവിശ്വാസികൾക്കെതിരായി അവർ തന്റെ ദൂതനോട് വഞ്ചന കാണിച്ചപ്പോൾ. അങ്ങനെ അവരെ അവർക്ക് പരിചിതമായതും അവർ ഇഷ്ടപ്പെട്ടതുമായ സ്വദേശങ്ങളിൽനിന്നും ഭവനങ്ങളിൽനിന്നും പുറത്താക്കി. തന്റെ ദൂതനായ, മുഹമ്മദ് നബിﷺയുടെ കൈകളിലൂടെ അല്ലാഹു നിശ്ചയിച്ച ആദ്യ നാടുകടത്തലും തുരത്തലുമായിരുന്നു അവരെ പുറത്താക്കൽ. അങ്ങനെ അവരെ ഖൈബറിലേക്ക് നാടുകടത്തി. ഖൈബറിൽനിന്നും വീണ്ടും നബിﷺ അവരെ നാടുകടത്തിയപ്പോൾ മറ്റൊരു തുരത്തിയോടിക്കലും നാടുകടത്തലും നടന്നിട്ടുണ്ടെന്ന് കൂടി ഈ ആയത്തിൽ അറിയിക്കുന്നുണ്ട്. പിന്നീട് ഉമർؓ ആണ് ശേഷിക്കുന്നവരെ അവിടെ നിന്നും പുറത്താക്കിയത്.

മുസ്‌ലിംകളേ (നിങ്ങൾ വിചാരിച്ചിരുന്നില്ല അവർ പുറത്തുപോകുമെന്ന്) അവരുടെ ഭവനങ്ങളിൽ നിന്നും. അവയുടെ പ്രതിരോധശക്തിയും ഉറപ്പും അതിലവർക്കുള്ള ഔന്നത്യവും കാരണത്താൽ.

(തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽനിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് അവർ വിചാരിച്ചിരുന്നു)

അങ്ങനെ അതിലവർ അഹങ്കരിച്ചു. അതവരെ വഞ്ചിച്ചു. അതിനാൽ അവർ പിടിക്കപ്പെടില്ലെന്ന് അവർ ധരിച്ചു; അതിൽവെച്ച് അവരെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ലെന്നും. അതിനെല്ലാം അപ്പുറത്തായിരുന്നു അല്ലാഹുവിന്റെ നിശ്ചയം. ആ കോട്ടകൾ അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. പ്രതിരോധമോ ശക്തിയോ അതിലവർക്ക് ഉപകാരപ്പെട്ടില്ല. അതാണ് അല്ലാഹു പറഞ്ഞത്: (എന്നാലവർ കണക്കാക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ അടുക്കൽ ചെല്ലുന്നു) അവരിലേക്ക് ചെല്ലുമെന്ന്; അവർ കണക്കാക്കാത്ത വാതിലിലൂടെയും മാർഗത്തിലൂടെയും. (അവനും) അതായത് അല്ലാഹു. (അവരുടെ മനസ്സുകളിൽ ഭയം ഇടുകയും ചെയ്തു). കഠിനമായ ഭയം. അത് അല്ലാഹുവിന്റെ ഏറ്റവും വലിയ സൈന്യമാണ്. എണ്ണമോ തയ്യാറെടുപ്പോ അവിടെ പ്രയോജനം ചെയ്യില്ല. ശക്തിയും ബലവും ഉപകരിക്കില്ല.

അവർ വിചാരിച്ചു; പ്രവേശിക്കുകയാണെങ്കിൽ വിടവിലൂടെയാണ് പ്രവേശിക്കുക. അതിനെ കോട്ട പ്രതിരോധിക്കും. അതിലവരുടെ മനസ്സുകൾ സമാധാനമടഞ്ഞു. എന്നാൽ അല്ലാഹു അല്ലാത്തതിൽ വിശ്വാസമർപ്പിക്കുന്നവൻ കയ്യൊഴിക്കപ്പെടും. അല്ലാഹുവല്ലാത്തവരിൽ അവലംബിക്കുന്നവൻ നാശമടയും.

ദൈവികമായ കൽപന അവരുടെമേലിറങ്ങി. അത് അവരുടെ ഹൃദയത്തിലെത്തി. അതാണല്ലോ ധൈര്യത്തിന്റെയും ക്ഷമയുടെയും കേന്ദ്രം. തളർച്ചയുടെയും അശക്തിയുടെയും കേന്ദ്രം. അതിന്റെ ശക്തിയെയും ബലത്തെയും അവൻ നീക്കി. പകരം ഭീരുത്വവും അശക്തിയും ക്ഷീണവും നൽകി. അത് തടയാൻ അവർക്ക് വഴികളില്ല. അത് അവർക്കെതിരായ സഹായമായി. അതാണ് അല്ലാഹു പറഞ്ഞത്: (അവർ സ്വന്തം കൈകൾകൊണ്ടും സത്യവിശ്വാസികളുടെ കൈകൾകൊണ്ടും അവരുടെ വീടുകൾ നശിപ്പിച്ചിരിക്കുന്നു). കാരണം ഒട്ടകങ്ങൾക്ക് വഹിക്കാവുന്നത് കൊണ്ടുപോകാൻ നബിﷺയുമായി അവർ സന്ധിചെയ്തിരുന്നു.

അവരുടെ ധാരാളം മേൽക്കൂരകളെ അവർ തന്നെ തകർത്തു; നല്ലതായി അവർ കണ്ടതെല്ലാം. സത്യവിശ്വാസികളുടെ സ്വന്തം വീടുകളെ അക്രമപരമായി നശിപ്പിച്ചതിലൂടെയും കോട്ടകൾ തകർത്തതിലൂടെയും വിശ്വാസികൾക്കും അതിന്റെ അധികാരം അവർ നൽകി. അങ്ങനെ അവർ അവരോട് തന്നെ കുറ്റംചെയ്തു. അവർ തന്നെ അവർക്കെതിരായ സഹായികളായിത്തീർന്നു.


(ആകയാൽ കണ്ണുള്ളവരേ, നിങ്ങൾ ഗുണപാഠം ഉൾക്കൊള്ളുക) അതായത് പൂർണ ബുദ്ധിയും ശക്തമായ ഉൾക്കാഴ്ചയും ഉള്ളവരും സത്യത്തോട് ധിക്കാരം കാണിക്കുകയും ചെയ്യുന്നവരിൽ. അല്ലാഹുവിന്റെ പ്രവൃത്തി മനസ്സിലാക്കാവുന്ന ഒരു പാഠം ഇതിലുണ്ട്. ദേഹേച്ഛകളെ പിൻപറ്റുന്നവരിൽ തങ്ങൾ ചെയ്ത തെറ്റുകൾക്കുള്ള മാതൃകാപരമായ ശിക്ഷ വന്നപ്പോഴും അല്ലാഹുവിന്റെ കൽപന വന്നപ്പോഴും അവരുടെ പ്രതാപം അവർക്ക് ഉപകാരപ്പെട്ടില്ല. അവരുടെ ശക്തി അവരെ തടുത്തില്ല. കോട്ടകൾ അവരെ പ്രതിരോധിച്ചതുമില്ല.

ഗുണപാഠം ഉൾക്കൊള്ളണമെന്ന് ഇതിൽ പറഞ്ഞത് ഈ പ്രത്യേക സംഭവവുമായി ബന്ധപ്പെട്ട് മാത്രമല്ല, പൊതുവായ പ്രയോഗമാണ്. ഈ വചനം ഗുണപാഠം ഉൾക്കൊള്ളാൻ കൽപിക്കുന്നു. സമാനമായവ തമ്മിൽ ബന്ധപ്പെടുത്തിയും പരസ്പര സാദൃശ്യമുള്ളവയെ തുലനം ചെയ്തും. ഈ ആയത്ത് ഉൾക്കൊള്ളുന്ന ആശയങ്ങളിൽനിന്ന് കിട്ടുന്ന വിധികളും ചിന്തിക്കണം. ചിന്തയിൽനിന്നും ബുദ്ധിയിൽനിന്നും ഉണ്ടാകുന്നതാണ് വിധികൾ. അങ്ങനെ ബുദ്ധി പൂർണതയിലെത്തുന്നു. കാഴ്ചപ്പാടുകളുണ്ടാകുന്നു. വിശ്വാസം വർധിക്കുന്നു. ശരിയായ അറിവുകളുണ്ടാകുന്നു.

3). ശിക്ഷയിൽനിന്നും അർഹമായതെല്ലാം ജൂതന്മാർക്ക് കിട്ടിയിട്ടില്ലെന്നാണ് അല്ലാഹു തുടർന്ന് അറിയിക്കുന്നത്. അല്ലാഹു അവർക്ക് ശിക്ഷ ലഘൂകരിച്ചു. (അല്ലാഹു അവരുടെ മേൽ നാടുവിട്ട് പോക്ക് വിധിച്ചിട്ടില്ലായിരുന്നുവെങ്കിൽ) മാറ്റമോ വ്യത്യാസമോ വരാത്ത വിധിയിൽ. അവൻ അവരുടെമേൽ വിധിച്ചതും കണക്കാക്കിയതും അതാണ്; അവർക്ക് സംഭവിച്ച ആ നാടുകടത്തൽ. ഇതു സംഭവിച്ചില്ലെങ്കിൽ ഇഹലോക ശിക്ഷയിൽനിന്നും മാതൃകാപരമായ മറ്റൊന്നിന് അവർ വിധേയമാകുമായിരുന്നു.

എന്നാൽ ഇഹലോകത്തെ കഠിനമായ ഒരു ശിക്ഷ അവർക്ക് ഒഴിവാക്കുകയാണ് ചെയ്തത്. പരലോകത്താകട്ടെ, അല്ലാഹുവിന് മാത്രം അറിയാവുന്ന കഠിനമായ നരകശിക്ഷ അവർക്കുണ്ട്. അവർക്കുള്ള ശിക്ഷ അവസാനിച്ചുപോയെന്നോ അതിൽനിന്നൊന്നും ഇനി ശേഷിക്കുന്നില്ലെന്നോ അവർ മനസ്സിലാക്കേണ്ടതില്ല. വിനാശകരമായ വമ്പിച്ച ശിക്ഷയാണ് പരലോകത്ത് അല്ലാഹു അവർക്ക് തയ്യാറാക്കി വെച്ചിരിക്കുന്നത്.

4). (അത് അല്ലാഹുവോടും അവന്റെ റസൂലിനോടും അവർ മത്സരിച്ചു എന്നതിന്റെ ഫലമത്രെ) അല്ലാഹുവിനോടും റസൂലിനോടും അനുസരണക്കേട് കാണിക്കുന്നതിൽ അവർ പരിശ്രമിക്കുകയും ഏറ്റുമുട്ടുകയും ശത്രുത കാണിക്കുകയും ചെയ്തു. അല്ലാഹുവുമായി മത്സരിക്കുന്നവരുടെ കാര്യത്തിൽ അവന്റെ പതിവും ചര്യയും ഇതാണ്: (വല്ലവനും അല്ലാഹുവുമായി മത്സരിക്കുന്ന പക്ഷം, തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു).



ബാലപഥം

നസീമ വാടാനപ്പള്ളി
mail@nerpatham.com

# അർശിന്റെ തണൽ

അവൾ ടൈപ്പ് ചെയ്യുകയായിരുന്നു...

"അല്ലാഹുവിന്റെ അർശിന്റെ തണൽ നമുക്ക് ലഭിക്കട്ടെ...ആ തണൽ നൽകി അവൻ നമ്മെ അനുഗ്രഹിക്കട്ടെ...."

അതുകണ്ട് അടുത്തിരുന്ന മകൻ അദ്നാൻ ചോദിച്ചു: "എന്താണ് ഉമ്മീ അർശിന്റെ തണൽ എന്നു പറഞ്ഞാൽ?"

"മോൻ വാ. ഉമ്മിയുടെ അടുത്ത് ഇരിക്കൂ. ഞാൻ പറഞ്ഞുതരാം..." അവൾ എഴുത്തു നിർത്തിക്കൊണ്ടു പറഞ്ഞു.

അതുകേട്ടപ്പോൾ അപ്പുറത്തുണ്ടായിരുന്ന മൂത്ത മകൻ ആദിലും അരികിൽ വന്ന് ഇരുന്നു.

രണ്ടുപേരുടെയും മുടിയിഴകളിലൂടെ വിരലോടിച്ച് അവൾ പറയാൻ തുടങ്ങി:

"മക്കളേ....ആകാശത്ത് സൂര്യൻ കത്തിജ്വലിച്ച് നിൽക്കുന്നതായി നമുക്കറിയാം. ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും മാത്രമെ നമുക്ക് അതിനെ നോക്കാൻ കഴിയുകയുള്ളൂ. അല്ലാത്ത സമയത്ത് നോക്കിയാൽ നമുക്ക് കഴിയില്ല. അത്രമാത്രം പ്രകാശമാണതിന്. നമ്മുടെ ഭൂമിയെ പോലുള്ള പതിമൂന്ന് ലക്ഷത്തിൽപരം ഭൂമി ചേർന്നാൽ എത്രയുണ്ടോ അത്രയും വലിപ്പമുള്ളതാണത്. ഹോ...ഒന്നാലോചിച്ചു നോക്കിയേ...!"

അതുകേട്ട് ഇരുവരും ഉമ്മിയോട് ചേർന്നിരുന്നുകൊണ്ട് കൂടുതൽ കേൾക്കാൻ തയ്യാറായി.

"അത്രയും വലിപ്പമോ...? ആലോചിക്കുമ്പോൾ പേടിയാകുന്നു" ആദിൽ പറഞ്ഞു.

"അതെ. സുബ്ഹാനല്ലാഹ്...അത്രയും വലിയതാണ് സൂര്യൻ. എന്നാൽ ആ സൂര്യനെ നമ്മൾ കാണുന്നതോ? കാലുകൊണ്ട് തട്ടിക്കളിക്കുന്ന പന്തിന്റെ വലിപ്പം മാത്രമുള്ളതായും."

"അതെന്താ ഉമ്മീ അങ്ങനെ?" അദ്നാൻ ചോദിച്ചു.

"അത്രയധികം ദൂരത്താണ് സൂര്യൻ നിൽക്കുന്നത് എന്നതുതന്നെ കാരണം. നിങ്ങൾ വിമാനം പറക്കുന്നത് കണ്ടിട്ടില്ലേ? മുകളിലേക്ക് പോകുന്തോറും അത് ചെറുതായി ചെറുതായി മാറുന്നത് ശ്രദ്ധിച്ചിട്ടില്ലേ?"

"അത് ശരിയാ. മുകളിലേക്ക് പോകുന്തോറും ചെറുതായി വരുന്നത് ശ്രദ്ധിച്ചിട്ടുണ്ട്" ആദിൽ പറഞ്ഞു.

"നമുക്ക് ആലോചിക്കാൻ കഴിയാത്തത്ര ദൂരത്താണ് അത് സ്ഥിതിചെയ്യുന്നത്. എന്നിട്ടും അതിന്റെ ചൂട് പലപ്പോഴും നമുക്ക് സഹിക്കാൻ കഴിയാറില്ല, അല്ലേ?"

"അതെ രാവിലെയൊന്നും കുഴപ്പമില്ല. ഉച്ചക്കൊക്കെ എന്താ ചൂട്...സഹിക്കാൻ കഴിയില്ല..." അദ്നാൻ പറഞ്ഞു.

"ശരിയാ. ഉമ്മീ, അർശിന്റെ കാര്യം കേൾക്കാൻ ധൃതിയായി" ആദിൽ പറഞ്ഞു.

"അതിനെക്കുറിച്ചു തന്നെയാ മോനേ പറഞ്ഞു വരുന്നത്. അന്ത്യനാളിനുശേഷം മനുഷ്യരെയെല്ലാം അല്ലാഹു വീണ്ടും ജീവൻ നൽകി ഒരുമിച്ചുകൂട്ടും. ആ ഒരുമിച്ചുകൂട്ടപ്പെടുന്ന വേദിക്ക് മഹ്ശർ എന്നു പറയുന്നു. അവിടെ നന്മതിന്മകളുടെ വിചാരണയും കാത്ത് ആളുകൾ നിൽക്കും. കാലിൽ ചെരുപ്പില്ലാതെ ഉടുവസ്ത്രമില്ലാതെ, പിറന്നപടിയുള്ള നിൽപ്പ്..."

"അയ്യേ... അങ്ങനെയോ?" അദ്നാൻ ആശ്ചര്യത്തോടെ ചോദിച്ചു.

"അതെ, അങ്ങനെ തന്നെ. അന്ന് ആർക്കും ആരെയും നോക്കാനും ശ്രദ്ധിക്കാനും കഴിയില്ല. സ്വന്തം കാര്യത്തിലുള്ള ആശങ്കയും വെപ്രാളവുമായിരിക്കും എല്ലാവർക്കും." അവളിൽനിന്നും ഒരു നെടുവീർപ്പുയർന്നു.

"അപ്പോ...എന്നെ കണ്ടാൽ ഉമ്മ നോക്കില്ലേ?" ആദിൽ ചോദിച്ചു.

"ഇല്ല, മക്കളെ... സ്വന്തവും ബന്ധവുമൊന്നും അവിടെ ചിന്തയിൽ വരില്ല. ഈ ഉമ്മി നിങ്ങളെയും നിങ്ങൾ ഈ ഉമ്മിയെയും നോക്കില്ല...ചേർത്തുപിടിച്ച് പുന്നരിക്കുന്ന വാപ്പയും അന്ന് നിങ്ങളെ നോക്കില്ല. അന്വേഷിക്കില്ല... നിങ്ങളെക്കുറിച്ച് ഈ ഉമ്മാക്കോ വാപ്പാക്കോ ഒരു ബേജാറും അന്നുണ്ടാകില്ല. അങ്ങനത്തെ ഒരു ഭയാനകമായ അവസ്ഥയാണ് അവിടെ. നബിﷺ ഇതെല്ലാം നമ്മെ പഠിപ്പിച്ചിട്ടുണ്ട്."

"ഹൗ വല്ലാത്തൊരു അവസ്ഥ തന്നെ!" അദ്നാൻ നെടുവീർപ്പിട്ടു.

"അന്ന് തലക്കു മുകളിൽ സൂര്യൻ തീ തുപ്പി നിൽക്കുന്നുണ്ടാകും; വളരെ അടുത്തായി. ഓരോരുത്തരും ചൂടിന്റെ കാഠിന്യത്താൽ വിയർത്തൊലിച്ചുനിൽപായിരിക്കും. അസഹ്യമായ ചൂടുള്ള ആ നേരം കുളിരേകുന്ന വിശാലമായ തണൽ തലക്കു മീതെ വന്നാൽ എങ്ങനെയിരിക്കും?" അവൾ മക്കളോടു ചോദിച്ചു.

"ഹാവൂ... പറയാനുണ്ടോ...വല്ലാത്ത സുഖമായിരിക്കും" ആദിൽ പറഞ്ഞു.

"അതാണ് മക്കളേ അർശിന്റെ തണൽ."

"അത് എല്ലാവർക്കും കിട്ടുമോ ഉമ്മീ?" അദ്നാൻ



ചോദിച്ചു.

"എല്ലാവർക്കുമൊന്നും കിട്ടില്ല. അല്ലാഹു തന്റെ അർശിന്റെ തണൽ വാഗ്ദാനം ചെയ്ത ചില വിഭാഗം ആളുകളുണ്ട് അവർക്കേ കിട്ടൂ."

"അവർ ആരൊക്കെയാണ്?"

"ഏഴു വിഭാഗം ആളുകളെ നബിﷺ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പേരിൽ പരസ്പരം സ്നേഹിക്കുന്നവരും അല്ലാഹുവിനു വേണ്ടി പരസ്പരം വെറുക്കുന്നവരുമാണ് അവരിൽ ഒരു വിഭാഗം."

"മനസ്സിലായില്ല ഉമ്മീ" ആദിൽ പറഞ്ഞു.

"വിശ്വാസികൾ പരസ്പരം സ്നേഹിക്കുന്നതും വെറുക്കുന്നതും ഈ ലോകത്തെ നേട്ടങ്ങൾക്കുവേണ്ടിയാകരുത്. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടായിരിക്കണം സ്നേഹിക്കുന്നത്. ആരെയെങ്കിലും വെറുക്കുകയാണെങ്കിൽ അതും അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടായിരിക്കണം. അല്ലാതെ വ്യക്തിപരമായ അനിഷ്ടംകൊണ്ടാകരുത്."

"ചീത്ത സ്വഭാവമുള്ള കൂട്ടുകാരോട് ഞാൻ കൂട്ടുകൂടാറില്ല. അവരുടെ ചീത്തസ്വഭാവം എനിക്കും ഉണ്ടാകുമോ, അങ്ങനെ ഞാൻ നരകത്തിന്റെ ആളായി മാറുമോ എന്ന പേടി കാരണം."

"വളരെ നല്ലത്. അത് അല്ലാഹുവിനു വേണ്ടിയുള്ള വെറുക്കൽ തന്നെയാണ്."

അന്നേരമാണ് ഓട്ടോയുടെ നീണ്ട ഹോണടി പുറത്തുനിന്നും കേട്ടത്. അദ്നാനും ആദിലും ഒന്നിച്ചു പറഞ്ഞു: "ദേ വാപ്പ വന്നു. ബാക്കി പിന്നെ പറയാം ഉമ്മീ."

"ശരി ബാക്കി പിന്നീടു പറയാം, ഇൻശാ അല്ലാഹ്."

കുട്ടികൾ വാപ്പാ എന്നു വിളിച്ചുകൊണ്ട് മുറ്റത്തേക്കിറങ്ങി.

ലേഖനം

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com




# സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ

5

### പ്രയാസങ്ങളിൽ ക്ഷമിക്കൽ

മനുഷ്യജീവിതം സുഖ, ദുഃഖ സമ്മിശ്രമാണ്. ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിക്കാത്തവരായി ആരുമില്ല. എല്ലാവരും എല്ലാകാലത്തും പ്രയാസങ്ങളിൽ കഴിച്ചുകൂട്ടുന്നുമില്ല. മനുഷ്യനെ പരീക്ഷിക്കാൻ വേണ്ടിയാണ് അല്ലാഹു അവനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് വിശുദ്ധ ക്വുർആനിലൂടെ അറയിക്കുന്നുണ്ട്:

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 67:2).

അല്ലാഹുവിന്റെ പരീക്ഷണങ്ങൾ വരുമ്പോൾ അതിൽ ക്ഷമിക്കുവാനാണ് അല്ലാഹു നിർദേശിക്കുന്നത്. അങ്ങനെ ക്ഷമിക്കുന്നവർക്ക് സ്വർഗമുണ്ട്. മക്കയിലെ അവിശ്വാസികളിൽനിന്ന് മർദനങ്ങളും പീഡനങ്ങളും ഏറെ ഏറ്റുവാങ്ങേണ്ടിവന്ന ആദ്യകാല വിശ്വാസികളിൽ പെട്ടവരാണ് യാസിർ കുടുംബം. യാസിറും(റ) കുടുംബവും അനുഭവിക്കുന്ന പ്രയാസങ്ങൾ കണ്ട പ്രവാചകൻ(ﷺ) അവരോട് പറഞ്ഞത് 'യാസിർ കുടുംബമേ, ക്ഷമിക്കൂ; നിങ്ങൾക്ക് സ്വർഗമുണ്ട്' എന്നാണ്.

## ജനങ്ങളോട് ഒന്നും യാചിക്കാതിരിക്കൽ

മനുഷ്യൻ അവന്റെ നിത്യവൃത്തിക്ക് വേണ്ടത് സ്വയം കണ്ടെത്തണം. അവന്റെ കഴിവും ബുദ്ധിയും ആരോഗ്യവും അതിനുവേണ്ടി ഉപയോഗപ്പെടുത്തണം. ജോലിയൊന്നും ചെയ്യാതെ മറ്റുള്ളവർക്ക് മുമ്പിൽ കൈനീട്ടി യാചിച്ച് ജീവിക്കുന്നതിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല, പ്രോത്സാഹിപ്പിക്കുന്നുമില്ല. യാചന ഉപേക്ഷിക്കുകയും സ്വന്തമായി ജോലിചെയ്ത് ഉപജീവനം കണ്ടെത്തലുമാണ് ഏറ്റവും നല്ലതും ശരിയായതും.

ഥൗബാൻ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ജനങ്ങളോട് യാതൊന്നും ചോദിക്കുകയില്ലെന്ന് (യാചിക്കുക) എനിക്ക് ആരെങ്കിലും ജാമ്യം നിന്നാൽ അവന് സ്വർഗം കിട്ടുമെന്ന് ഞാൻ ജാമ്യം നിൽക്കാം." ഇതുകേട്ട ഥൗബാൻ(റ) പറയുന്നു: 'ഞാൻ പിന്നീട് ഒരിക്കലും ഒരാളോടും ഒന്നും ചോദിച്ചിട്ടില്ല" (അബൂദാവൂദ്: 1643).

## കടബാധ്യതയിൽനിന്നും വഞ്ചനയിൽനിന്നും അഹങ്കാരത്തിൽനിന്നും ഒഴിവാകൽ

ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കാൻ വളരെയേറെ കഷ്ടപ്പെടുന്നവരാണ് മനുഷ്യരിൽ ഭൂരിഭാഗവും. എന്നാലും ദൈനംദിന ജീവിതക്രമത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ പലപ്പോഴും മനുഷ്യരെ കടബാധ്യതയിലകപ്പെടുത്താറുണ്ട്. ഇത്തരം ബാധ്യതകളെ നികത്താൻ ഇസ്‌ലാം ചില നിബന്ധനകളോടെഅനുവദിച്ച കാര്യമാണ് കടം വാങ്ങുക, കൊടുക്കുക എന്നത്. കടം വാങ്ങുന്നതിനെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിലും സന്ദിഗ്ധ ഘട്ടങ്ങളിൽ വാങ്ങുന്നതിനെ ഇസ്‌ലാം അനുവദിക്കുന്നു. എന്നാൽ ഏറെ സൂക്ഷിക്കേണ്ട ഒരു വിഷയമാണിത്. ശഹീദായവന് സ്വർഗപ്രവേശനത്തിന് തടസ്സമായി മാറുന്നത് കടബാധ്യതയാണെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്. കടം വാങ്ങാതെ ജീവിക്കാനും കടബാധ്യതയില്ലാതെ മരിക്കാനും കഴിഞ്ഞാൽ അത് വലിയ ഭാഗ്യംതന്നെയാണ്.

ഥൗബാൻ (റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ആരെങ്കിലും അഹങ്കാരത്തിൽനിന്നും വഞ്ചനയിൽ നിന്നും കടത്തിൽനിന്നും ഒഴിവായിട്ടാണ് മരണപ്പെട്ടതെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു" (തിർമിദി: 1572).

വഞ്ചന കാണിക്കാതെയും അഹങ്കാരമില്ലാതെയും ജീവിച്ചാൽ ലഭിക്കുന്ന നേട്ടം ഈ നബിവചനത്തിൽനിന്നും മനസ്സിലാക്കാം.

'ഹൃദയത്തിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്. 'എന്താണ് കിബ്ർ' (അഹങ്കാരം) എന്ന ചോദ്യത്തിന് നബി(ﷺ) നൽകിയ മറുപടി 'സത്യത്തെ നിരാകരിക്കലും ജനങ്ങളെ നിസ്സാരമായി കാണലുമാണ്' എന്നായിരുന്നു.

## ചില സദ്ഗുണങ്ങൾ ഉണ്ടായിരിക്കൽ

ഉബാദതുബ്നു സ്വാമിത്ത്(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ആറുകാര്യങ്ങൾക്ക് (അവ പ്രാവർത്തികമാക്കാം എന്നതിന്) നിങ്ങൾ എനിക്ക് മനസ്സാ ജാമ്യംനിൽക്കുക; ഞാൻ നിങ്ങൾക്ക് സ്വർഗത്തിന് ജാമ്യം നിൽക്കാം: നിങ്ങൾ സംസാരിച്ചാൽ സത്യം പറയുക, കരാർ ചെയ്താൽ പൂർത്തീകരിക്കുക, വിശ്വസിച്ചേൽപിക്കപ്പെട്ടാൽ അമാനത്ത് തിരിച്ചേൽപിക്കുക, നിങ്ങൾ നിങ്ങളുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ ദൃഷ്ടികൾ താഴ്ത്തുക, നിങ്ങളുടെ കൈകളെ (തെറ്റുകളിൽ നിന്ന്) തടുക്കുക" (അഹ്മദ്: 22757)

> "ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കാൻ വളരെയേറെ കഷ്ടപ്പെടുന്നവരാണ് മനുഷ്യരിൽ ഭൂരിഭാഗവും. ഇത്തരം ബാധ്യതകളെ നികത്താൻ ഇസ്‌ലാം ചില നിബന്ധനകളോടെ അനുവദിച്ച കാര്യമാണ് കടം വാങ്ങുക, കൊടുക്കുക എന്നത്. കടം വാങ്ങുന്നതിനെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിലും സന്ദിഗ്ധ ഘട്ടങ്ങളിൽ വാങ്ങുന്നതിനെ ഇസ്‌ലാം അനുവദിക്കുന്നു. എന്നാൽ ഏറെ സൂക്ഷിക്കേണ്ട ഒരു വിഷയമാണിത്. ശഹീദായവന് സ്വർഗപ്രവേശനത്തിന് തടസ്സമായി മാറുന്നത് കടബാധ്യതയാണെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്."


ഈ ഉത്തമ ഗുണങ്ങൾക്കെതിരായി ജീവിച്ചാൽ കഠിനമായ ശിക്ഷ ഉറപ്പാണ്.

### സ്വർഗം ആഗ്രഹിക്കുന്നവർക്ക് നാലു കാര്യങ്ങൾ

അബൂഹുറയ്റ ﷺ നിവേദനം; നബിﷺ ചോദിച്ചു: "ആരുണ്ട് ഇന്നത്തെ പ്രഭാതത്തിൽ നോമ്പുകാരനായി?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ ജനാസയെ അനുഗമിച്ചവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഈ ദിനം നിങ്ങളിൽ പാവപ്പെട്ടവന് ഭക്ഷണം നൽകിയവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ രോഗിയെ സന്ദർശിച്ചവനായിട്ട്?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ പറഞ്ഞു: 'ആരിലാണോ ഈ കാര്യങ്ങൾ ഒരുമിക്കുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല" (മുസ്‌ലിം: 1028).

ജീവിച്ചിരിക്കെത്തന്നെ അല്ലാഹുവിന്റെ റസൂലിന്റെ തിരുമൊഴികളിലൂടെ സ്വർഗംകൊണ്ട് സന്തോഷ വാർത്തയറിയിക്കപ്പെട്ടവരിൽ ഒന്നാമത്തെയാളാണ് അബൂബക്കർ സ്വിദ്ദീക്ﷺ. അദ്ദേഹം എത്രമാത്രം തന്റെ ജീവിതത്തിലെ ഓരോ ദിവസത്തെയും നന്മയിൽ ചെലവഴിച്ചിരുന്നു എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് മേൽ ഉദ്ധരിച്ച ഹദീഥ്.

ഇത്തരത്തിൽ നന്മയോട് ആഭിമുഖ്യമുള്ളവരും നന്മയിൽ മുന്നേറുവാൻ ധൃതികാണിക്കുന്നവരുമായി മാറുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്.



### അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വരിക്കൽ

പരിശുദ്ധ ഇസ്‌ലാമിലായിക്കൊണ്ട് ജീവിക്കുകയും ഇസ്‌ലാമിനുവേണ്ടി അവിശ്വാസികളാൽ കൊല്ലപ്പെടുകയും ചെയ്തവനാണ് ശഹീദ് അഥവാ അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിയായവൻ. രക്തസാക്ഷികൾക്ക് അല്ലാഹുവിങ്കൽ വമ്പിച്ച പ്രതിഫലമുണ്ട്.

ഇബ്നു അബ്ബാസ് ﷺ നിവേദനം; നബിﷺ പറഞ്ഞു: "രക്തസാക്ഷികൾ സ്വർഗത്തിന്റെ വാതിലിന് അരികെയുള്ള പുഴയിൽ നീന്തിത്തുടിക്കും. പച്ച കുബ്ബകളിൽ അവർ പുറത്തുവരും. അവർക്ക് സ്വർഗത്തിൽ നിന്നുള്ള ഭക്ഷണം രാവിലെയും വൈകുന്നേരവും നൽകപ്പെടും" (അഹ്മദ്: 2390).

മിഖ്ദാമിബ്നു മഅ്ദി കർബ് ﷺ നിവേദനം; നബിﷺ പറഞ്ഞു: "ഒരു രക്തസാക്ഷിക്ക് അല്ലാഹുവിന്റെ അടുക്കൽ ആറ് ഉപകാരങ്ങളുണ്ട്. അവന്റെ ശരീരത്തിലെ ആദ്യതുള്ളി രക്തം ചിന്തുന്നതോടുകൂടി തന്നെ അവന്റെ പാപങ്ങൾ മുഴുവൻ പൊറുക്കപ്പെടും. സ്വർഗത്തിലെ അവന്റെ ഇരിപ്പിടം അവന് കാണിക്കപ്പെടും. ഈമാനിന്റെ വസ്ത്രം ധരിപ്പിക്കപ്പെടും. ക്വബ്ർ ശിക്ഷയിൽനിന്ന് രക്ഷപ്പെടും. ഏറ്റവും വലിയ പ്രതിസന്ധിയിൽനിന്ന് അല്ലാഹു അവനെ രക്ഷപ്പെടുത്തും. 'താജുൽ വക്വാർ' എന്ന കിരീടം അവന് അണിയിക്കപ്പെടും" (തിർമിദി: 1663).

### പള്ളി നിർമിക്കൽ

ഉസ്മാൻ ﷺ നിവേദനം; നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ വജ്ഹ് ആഗ്രഹിച്ചുകൊണ്ട് പള്ളിയുണ്ടാക്കിയാൽ അതുപോലെയുള്ളത് അവനുവേണ്ടി അല്ലാഹു സ്വർഗത്തിൽ നിർമിച്ച് കൊടുക്കുന്നതാണ്" (ബുഖാരി: 450, മുസ്‌ലിം: 533).

### തമാശയും തർക്കവും ഒഴിവാക്കൽ

മനുഷ്യരിൽ കണ്ടുവരുന്ന രണ്ട് സ്വഭാവങ്ങളാണ് തർക്കവും തമാശയും. ഒന്ന് ചിരിക്കാത്തവരോ ചിരിപ്പിക്കാത്തവരോ ആയിട്ട് മനുഷ്യരുടെ കൂട്ടത്തിൽ ആരുമില്ല. ലോകത്തിന്റെ അന്തിമദൂതൻ മുഹമ്മദ് നബിﷺ പുഞ്ചിരിക്കാറുണ്ടായിരുന്നു. അവിടുത്തെ പുഞ്ചിരിയിൽ പല്ലുകൾ കാണാറുണ്ടായിരുന്നില്ല. അത്രക്ക് സൗമ്യമായിരുന്നു ആ ചിരി.

തമാശക്കു വേണ്ടി കളവ് പറയരുതെന്നും മനുഷ്യരെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറയുന്നവന് നാശമായിരിക്കും എന്നൊക്കെ ഹദീഥുകളിൽ വന്നിട്ടുണ്ട്. അതുപോലെ ഉപേക്ഷിക്കപ്പെടേണ്ട ഒന്നാണ് അനാവശ്യമായ തർക്കം. ഒരാൾ തർക്കിക്കുവാൻ വന്നാൽ അയാളോട് തർക്കിക്കാൻ നിൽക്കാതെ തിരിഞ്ഞ് കളയുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്.

അബൂഉമാമ ﷺ നിവേദനം; നബിﷺ പറഞ്ഞു: "സ്വർഗത്തിന്റെ മുറ്റത്ത് ഒരു വീടുണ്ടെന്ന് ഞാൻ ഉറപ്പു



തരാം; തർക്കം ഉപേക്ഷിക്കുന്നവന്, അവന് (തർക്കിക്കുവാൻ) അവകാശമുണ്ടെങ്കിലും. സ്വർഗത്തിന്റെ നടുവിൽ ഒരു വീടുണ്ടെന്ന് ഉറപ്പുതരാം; കളവ് ഉപേക്ഷിക്കുന്നവന്, തമാശയ്ക്കാണെങ്കിലും. സ്വർഗത്തിന്റെ ഉന്നതിയിൽ ഒരു വീടുണ്ടെന്ന് ഞാൻ ഉറപ്പുതരാം; സ്വഭാവം നന്നാക്കിയവന്" (അബൂദാവൂദ്: 4800).

## വമ്പിച്ച പ്രതിഫലം ലഭിക്കുന്ന സൽകർമങ്ങൾ

അബൂഹുറയ്റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു വിശ്വാസിക്ക് ഇഹലോകത്തിലെ ഒരു പ്രയാസത്തിൽനിന്ന് ആശ്വാസം നൽകിയാൽ അല്ലാഹു അവന് അന്ത്യനാളിൽ പ്രയാസത്തിൽ നിന്ന് ആശ്വാസം നൽകും. പ്രയാസങ്ങളുള്ള ഒരുത്തന് എളുപ്പം നൽകിയാൽ അല്ലാഹു അവന് ഇഹത്തിലും പരത്തിലും എളുപ്പം നൽകും. ഒരു മുസ്‌ലിമിന്റെ ന്യൂനത ആരെങ്കിലും മറച്ചുവെച്ചാൽ അല്ലാഹു അവന്റെ ന്യൂനതയും ഇഹത്തിലും പരത്തിലും മറച്ചുവെക്കും. ഒരാൾ തന്റെ അടിമയെ സഹായിക്കുന്നകാലമത്രയും അല്ലാഹു അവനെയും സഹായിക്കും. അറിവന്വേഷിച്ച് ആരെങ്കിലും ഒരു വഴിയിൽ പ്രവേശിച്ചാൽ അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും. അല്ലാഹുവിന്റെ ഭവനങ്ങളിൽ (പള്ളികളിൽ) ഏതെങ്കിലും ഒരു ഭവനത്തിൽ ഒരു സമൂഹം ഒരുമിച്ചുകൂടുകയും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അവർക്കിടയിൽ അതിനെകുറിച്ച് പഠനം നടത്തുകയും ചെയ്താൽ അവരുടെമേൽ സമാധാനം ഇറങ്ങാതിരിക്കുകയില്ല. മലക്കുകൾ കാരുണ്യത്തിന്റെ ചിറകുകൾകൊണ്ട് അവരെ പൊതിയും. അല്ലാഹുവിന്റെ അടുക്കൽ അവർ സ്മരിക്കപ്പെടുകയും ചെയ്യും" (മുസ്‌ലിം: 2699).

"ഓരോ വിഭാഗക്കാർക്കും അവർ (പ്രാർഥനാവേളയിൽ) തിരിഞ്ഞുനിൽക്കുന്ന ഓരോ ഭാഗമുണ്ട്. എന്നാൽ നിങ്ങൾ ചെയ്യേണ്ടത് സൽപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവരികയാണ്. നിങ്ങൾ എവിടെയൊക്കെയായിരുന്നാലും അല്ലാഹു നിങ്ങളെയെല്ലാം ഒന്നിച്ചുകൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു" (ക്വുർആൻ 2:148).

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്' (ക്വുർആൻ 3:133).

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കുവേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു" (ക്വുർആൻ 57:21).

## സുജൂദ് വർധിപ്പിക്കുക

മഹത്ത്വം കൊണ്ടും പ്രാധാന്യം കൊണ്ടും പ്രതിഫലം കൊണ്ടും ഏറെ ശ്രേഷ്ഠതയുള്ള ആരാധനയാണ് നമസ്കാരം. ആ നമസ്കാരത്തിലെ പ്രധാനപ്പെട്ടൊരു കർമമാണ് സുജൂദ് സാഷ്ടാംഗ പ്രണാമം. നമസ്കാരത്തിലല്ലാതെയും സുജൂദ് ചെയ്യാവുന്നതാണ്. തന്റെ സ്രഷ്ടാവിനോട് കാണിക്കുന്ന

അങ്ങേയറ്റത്തെ വിധേയത്വത്തിന്റെ ഭാഗമാണത്. സ്വർഗത്തിൽ നബിﷺയുടെ സാമീപ്യം ലഭിക്കാനാഗ്രഹിച്ച അനുചരനോട് അവിടുന്ന് പറഞ്ഞത് സുജൂദ് വർധിപ്പിക്കാനാണ്.

റബീഅത്ത് ഇബ്നു കഅ്ബ് അൽ അസ്‌ലമി-(നബിﷺയുടെ സേവനകനായിരുന്നു)-നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാനൊരിക്കൽ രാത്രി നബിﷺയുടെ കൂടെ കഴിച്ചുകൂട്ടുകയായിരുന്നു. അപ്പോൾ നബിﷺക്ക് അംഗശുദ്ധി വരുത്തുവാനാവശ്യമായ വെള്ളം കൊണ്ടുവന്ന് നൽകിയപ്പോൾ നബിﷺ എന്നോട് പറഞ്ഞു: 'താങ്കൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ എന്നോട് ചോദിക്കുക.' അപ്പോൾ ഞാൻ പറഞ്ഞു: 'സ്വർഗത്തിൽ താങ്കളുടെ സാമീപ്യം ഞാൻ ചോദിക്കുന്നു.' അപ്പോൾ നബിﷺ ചോദിച്ചു: 'അതല്ലാതെ മറ്റുവല്ലതുമുണ്ടോ?' അപ്പോൾ ഞാൻ പറഞ്ഞു: 'എനിക്കതുമതി.' അപ്പോൾ നബിﷺ പറഞ്ഞു: 'എങ്കിൽ സുജൂദുകൾ അധികരിപ്പിച്ച് കൊണ്ട് താങ്കൾ എന്നെ ആ വിഷയത്തിൽ സഹായിക്കുക" (മുസ്‌ലിം: 489)

അവനവന്റെ സൽകർമങ്ങൾകൊണ്ടേ സ്വർഗം കരസ്ഥമാക്കുവാൻ കഴിയൂ എന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: മഅ്ദാനുബ്നു ത്വൽഹ അൽയഅ്മരിൽനിന്ന്; അദ്ദേഹം പറഞ്ഞു: "നബിﷺയുടെ മൗലയായ ഥൗബാനെ ഞാൻ കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: 'പ്രവർത്തിച്ചാൽ അല്ലാഹു എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന ഒരു കർമത്തെക്കുറിച്ച് എനിക്ക് അറിയിച്ചുതന്നാലും.' അല്ലെങ്കിൽ ഞാൻ ചോദിച്ചു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം ഏതാണ്?' അപ്പോൾ അദ്ദേഹം മിണ്ടിയില്ല. വീണ്ടും ചോദിച്ചു. അപ്പോഴും ഒന്നും മിണ്ടിയില്ല. മൂന്നാം തവണയും ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതിനെക്കുറിച്ച് ഞാൻ നബിﷺയോട് ചോദിച്ചപ്പോൾ അവിടുന്ന് എന്നോട് പറഞ്ഞു: 'അല്ലാഹുവിനുള്ള സുജൂദിനെ നീ വർധിപ്പിക്കുക. കാരണം, നീ ഒരു സുജൂദും ചെയ്യുന്നില്ല; അതുമുഖേന അല്ലാഹു നിന്റെ പദവി ഉയർത്തിയിട്ടല്ലാതെ, ഒരും പാപവും അല്ലാഹു പൊറുത്തുതന്നിട്ടല്ലാതെ" (മുസ്‌ലിം: 488).




### എളുപ്പമുള്ള ദിക്റുകൾ ചൊല്ലൽ

അബ്ദുല്ലാഹിബ്നു അംറ് നിവേദനം; നബിﷺ പറഞ്ഞു: "രണ്ട് കാര്യങ്ങളുണ്ട്, അല്ലെങ്കിൽ രണ്ട് പ്രത്യേകതകൾ. ആ രണ്ട് കാര്യങ്ങളും ശ്രദ്ധിച്ചുപോരുന്ന മുസ്‌ലിമിന് സ്വർഗമുണ്ട്. അത് വളരെ എളുപ്പമാണ്. പക്ഷേ, അത് നിർവഹിക്കുന്നവർ കുറവുമാണ്. ഓരോ നമസ്കാരശേഷവും 'സുബ്ഹാനല്ലാഹ്' എന്ന് പത്തു തവണ പറയുക. 'അൽഹംദുലില്ലാഹ്' എന്നു പത്ത് തവണ പറയുക. 'അല്ലാഹു അക്ബർ' എന്നു പത്ത് തവണ പറയുക. അപ്പോൾ നാവുകൊണ്ട് 150 ആകും. പിന്നെ അവൻ കിടക്കുമ്പോൾ 'സുബ്ഹാനല്ലാഹ്' 33ഉം, 'അൽഹംദുലില്ലാഹ്' 33ഉം, 'അല്ലാഹു അക്ബർ' 34ഉം തവണ പറയുമ്പോൾ എണ്ണത്തിൽ 100ഉം പ്രതിഫലത്തിൽ 1000വും എന്ന് വലതുകൈ കൊണ്ട് എണ്ണിക്കാണിച്ചു. സ്വഹാബത്ത് ചോദിച്ചു: 'പ്രവാചകരേ, ചെയ്യാൻ എളുപ്പമായിട്ടും അത് ചെയ്യുന്നവർ കുറവായിരിക്കുമെന്ന് താങ്കൾ പറയാൻ കാരണമെന്താണ്?' നബിﷺ പറഞ്ഞു: 'നിങ്ങൾ ഉറങ്ങുന്ന സമയത്ത് പിശാച് നിങ്ങളുടെ അടുത്ത് വരും. നിങ്ങളോടവൻ വേഗത്തിൽ ഉറങ്ങിക്കോ എന്ന് പറയും. അങ്ങനെ നിങ്ങളത് ചൊല്ലാതെ ഉറങ്ങും. നിങ്ങൾ നമസ്കരിച്ചു കഴിഞ്ഞാൽ പിശാച് നിങ്ങളുടെ അടുത്തു വരും. ആവശ്യങ്ങളെക്കുറിച്ച് ഓർമപ്പെടുത്തും. അങ്ങനെ അത് ചൊല്ലാതെ നിങ്ങൾ എഴുന്നേറ്റുപോകും" (അബൂദാവൂദ്: 5065).

സ്വർഗം ലഭിക്കുന്ന ഏതാനും ചില സൽകർമങ്ങളെ കുറിച്ചാണ് ഇതുവരെ സൂചിപ്പിച്ചത്. ഇഹലോകത്ത് വളരെ കുറഞ്ഞ വർഷം മാത്രമാണ് മനുഷ്യൻ ജീവിക്കുന്നത്. ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം തിരിച്ചറിഞ്ഞ് അനശ്വരമായ ലോകത്തെ വിജയത്തിനു വേണ്ടി വിശ്വാസം നന്നാക്കുന്നതിലും സൽകർമങ്ങൾ ചെയ്യുന്നതിലും നാം അതീവ ശ്രദ്ധയും താൽപര്യവും കാണിക്കുക.




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 202 – ചോദ്യങ്ങൾ

1) സൂറത്തു ബനുന്നളീർ എന്നും പേരുള്ള സൂറത്ത്?

(1) സജദ (2) ഇസ്‌റാഅ് (3) ഹശ്ർ

(2) ആരായിരുന്നു ഹുയയ്യിബ്‌നു അഖ്തബ്?

(1) ജൂത നേതാവ് (2) കപടന്മാരുടെ നേതാവ് (3) മുശ്‌രിക്കുകളുടെ നേതാവ്

(3) '2000ത്തിലെ ഐ.ടി ആക്ടിലെ 66എ വകുപ്പും .............ലെ കേരള പൊലീസ് ആക്ടിലെ 118(ഡി) വകുപ്പും അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരാണെന്നു കാണിച്ച് സുപ്രീംകോടതി റദ്ദാക്കിയിരുന്നു.'

(1) 2011 (2) 2005 (3) 2009

3) 'താബിഈ പണ്ഡിതനായ ................ പറഞ്ഞത് 'തറാഇബ്' എന്നത് ശരീരത്തിന് ഇരുവശത്തുമുള്ള ഉള്ള ഏറ്റവും താഴെയുള്ള 4 വാരിയെല്ലുകൾക്ക് ഇടയിലുള്ള ഭാഗമാണ് (upper abdomen) എന്നാണ്.'

(1) സഈദ് ബിൻ ജുബൈർ(റഹി) (2) ഹസനുൽ ബസ്വരി(റഹി) (3) സഇദുബ്‌നുൽ മുസ്വയ്യബ്(റഹി)

4) 'അണ്ഡകോശത്തിന്റ വ്യാസം ഏകദേശം...........മൈക്രോമീറ്റർ ആണ്. ഒരു തലമുടിയുടെ കനം എന്നുപറയാം.'

(1) 200 (2) 100 (3) 150

5) "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു."

(1) ക്വുർആൻ 67:2 (2) ക്വുർആൻ 2:72 (3) ക്വുർആൻ 72:2

6) 'സ്വർഗത്തിൽ താങ്കളുടെ സാമീപ്യം ഞാൻ ചോദിക്കുന്നു' എന്ന് നബി(സ)യോട് പറഞ്ഞ സ്വഹാബി?

(1) റബീഅത്ത് ഇബ്‌നു കഅ്ബ് അൽഅസ്‌ലമി(റ) (2) ഉമർ(റ) (3) സൽമാനുൽ ഫാരിസി(റ)

7) മുസ്‌ലിം ബ്രദർഹുഡിനെ തീവ്രവാദികളെ വിരിയിച്ചെടുക്കാനുള്ള ഉപകരണമെന്ന് (ഇൻകുബേറ്റർ) വിശേഷിപ്പിച്ചത് ആര്?

(1) യൂസുഫുൽ ഖർളാവി (2) ശൈഖ് ഉസൈമീൻ (3) മുഹമ്മദ്ബിൻ സൽമാൻ

8) മുസ്‌ലിം ബ്രദർഹുഡ് സ്ഥാപിതമായ വർഷം?

(1) 1928 (2) 1930 (3) 1960

9) "...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച..."

(1) ക്വുർആൻ 11 :11 (2) ക്വുർആൻ 13:111 (3) ക്വുർആൻ 13:11

10) സൂറഃ ഹശ്ർ വിശുദ്ധ ക്വുർആനിലെ എത്രാമത്തെ സൂറത്താണ്?

(1) 50 (2) 59 (3) 55

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 17 നോക്കുക

ഇബ്‌നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# അടുത്തടുത്ത മരണങ്ങൾ

മാനത്ത് കാർമേഘങ്ങളുടെ കറുപ്പ്. ഓഫീസിൽ നിന്ന് ധൃതിയിൽ ഇറങ്ങി. വീട്ടിലെത്തിയിട്ടു വേണം നിസ്കരിക്കാൻ. കോവിഡ് കാരണം മിക്ക പള്ളികളിലും ഇപ്പോഴും പുറംനാട്ടുകാർക്ക് പ്രവേശനം സാധ്യമല്ല. വെളിച്ചം കുറയുന്നു. മഴക്കാലമല്ല, എങ്കിലും പെയ്യുമോയെന്നു സംശയം. ബൈക്കിലാണ് യാത്ര. പകുതി ആയപ്പോഴേക്കും മഴ തുടങ്ങി.

മഴക്കോട്ട് ഉണ്ട്, പാന്റ്സ് ഇല്ല. പാതി നനഞ്ഞു വീട്ടിലേക്ക്. വീട്ടിലെത്താൻ നേരം, നാട്ടിലെ യുവാക്കൾ നിർമിച്ച ബസ് കാത്തിരിപ്പുകേന്ദ്രത്തിന് ചുറ്റും ചെറിയ ആൾക്കൂട്ടം. അഞ്ചെട്ടു പേരേ ഉള്ളൂ. നോക്കിയിട്ട് അപകട ലക്ഷണമൊന്നും കണ്ടില്ല. വീട്ടിലേക്ക് തിരിച്ചു.

മേൽകഴുകി നിസ്കരിച്ച് വാട്സ്ആപ് നാട്ടുഗ്രൂപ്പുകളിൽ അലസമായി ഓടിച്ചുനോക്കിയപ്പോൾ ശ്രദ്ധയിൽ പെട്ടത് ഒരു മരണവാർത്ത. രണ്ടുമൂന്ന് കിലോമീറ്ററുകൾ ദൂരെയുള്ള ഒരാൾ മരണപ്പെട്ടിരിക്കുന്നു. കുഴഞ്ഞുവീണു, അടുത്ത് വൈദ്യസഹായത്തിന് എത്തിച്ചുവെങ്കിലും മരണപ്പെട്ടുവത്രെ. കൂടുതൽ വിവരം പിന്നീട്. ഇന്നാ ലില്ലാഹ്...

അൽപനേരം കഴിഞ്ഞ് ഗ്രൂപ്പിൽ വീണ്ടും ഒരു മരണവാർത്ത! നേരത്തെ മരിച്ച വ്യക്തിയെ ആശുപത്രിയിലേക്ക് എത്തിക്കാൻ കൂടെയുണ്ടായിരുന്ന സ്നേഹിതനും മരണപ്പെട്ടിരിക്കുന്നു! സുഹൃത്തിന്റെ ജേഷ്ഠനാണ്. അല്ലാഹുവേ, നിന്നിൽനിന്ന് വന്നവർ നിന്നിലേക്കുതന്നെ മടങ്ങുന്നു.

വേറെ ഒരു സുഹൃത്ത് വിളിച്ചു; മരണവാർത്തകൾ, വിവരങ്ങൾ അറിഞ്ഞില്ലേ എന്നു ചോദിച്ച്. മരണപ്പെട്ട ഇരുവരും അന്ന് മണിക്കൂറുകൾ ഒരുമിച്ചായിരുന്നു. ഫോൺ ചെയ്ത സുഹൃത്തിന്റെ തറവാട്ടു വീട്ടിലിരുന്ന് ഇരുവരും സംസാരിച്ച് ഇരുന്നു. ചായ കുടിച്ചു. പിന്നീട് ഒരു സ്ഥലം നോക്കാൻ ഒരുമിച്ച് ബൈക്കിൽ പോയി. ഇരുവരും സ്ഥലക്കച്ചവടത്തിന്റെ ഇടനിലക്കാരായി പ്രവർത്തിച്ചിരുന്നു.

മടങ്ങുംനേരം മഴ ചാറി. ബൈക്ക് നിർത്തി ബസ് വെയ്റ്റിങ് ഷെഡിൽ കേറി. അന്നേരം ഒരാൾ കുഴഞ്ഞു വീണു. രണ്ടാമൻ താങ്ങി. കണ്ടുനിന്നവർ ഓടിക്കൂടി. കിട്ടിയ ഒരു വാഹനത്തിൽ അടുത്തുള്ള ക്ലിനിക്കിൽ എത്തിച്ചു. ഉടനെ മരണപ്പെട്ടു.

ഫോൺ ചെയ്ത സുഹൃത്തിന്റെ ബന്ധുവായ ആദ്യം മരണപ്പെട്ടയാൾക്ക് ഹൃദയ സംബന്ധിയായ അസുഖമുണ്ടായിരുന്നു. വാർത്ത പരന്നു. ആളുകൾ ക്ലിനിക്കിൽ എത്തി. സങ്കടപ്പെട്ടു. ബൈക്കിൽ ഉണ്ടായിരുന്ന രണ്ടാമൻ ഒരു കസേരയിൽ തളർന്നിരിക്കുകയാണ്. എത്തിയ ചിലരോട് തനിക്കും തളർച്ച തോന്നുന്നു, ഡോക്ടറെ കാണിക്കണം എന്ന് ആവശ്യപ്പെടുന്നു. അപ്പോഴാണ് ആളുകൾ അയാളെ ശ്രദ്ധിച്ചത്, വായിൽനിന്ന് നുര വരുന്നുണ്ടായിരുന്നു. ക്ലിനിക്കിൽ തന്നെ കാണിച്ചു. കുറച്ച് ദൂരെയുള്ള വലിയ ആശുപത്രിയിലേക്ക് ഉടനെ കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. ആശുപത്രിയിലേക്ക് എത്തിച്ചെങ്കിലും ജീവൻ രക്ഷപ്പെട്ടില്ല. കാര്യമായ അസുഖങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അങ്ങനെ രണ്ട് ആത്മസുഹൃത്തുക്കൾ മിനിറ്റുകളുടെ വ്യത്യാസത്തിലാണ് ഇഹലോകത്തുനിന്നും യാത്രയായത്.

അപ്പോഴും നേർത്ത മഴ നിർത്താതെ പെയ്തുകൊണ്ടിരുന്നു. ഓഫീസിൽനിന്ന് മടങ്ങിയപ്പോൾ കണ്ട ചെറിയ ആൾക്കൂട്ടം അതുമായി ബന്ധപ്പെട്ടതായിരുന്നുവെന്ന് കൂട്ടിവായിച്ചു. ഓർക്കാപ്പുറത്താണല്ലോ പലപ്പോഴും മരണം എത്തുന്നത്. അറിയാവഴികളിലൂടെ മരണ കാരണങ്ങൾ സൃഷ്ടിക്കപ്പെടുന്നു. മരണത്തിന്റെ മലക്ക് ജോലി കൃത്യമായി നിർവഹിക്കുന്നു. അല്ലെങ്കിലും മരണത്തിലേക്കുള്ള യാത്രയാണല്ലോ ജീവിതം! എല്ലാം സ്രഷ്ടാവിന്റെ തീരുമാനം.

രാവിലെ മരണവീട്ടിലും പരിസരത്തും തലേന്ന് പെയ്ത മഴയടയാളങ്ങൾ. മൺപാതയിലും മുറ്റത്തും വെള്ളം തളംകെട്ടി നിൽക്കുന്നു. സുഹൃത്തിന്റെയും ബന്ധുക്കളുടെയും മുഖങ്ങളിലും പെയ്തുതോരാത്ത സങ്കടം കെട്ടിനിന്നിരുന്നു...

WISDOM
ISLAMIC ORGANIZATION

# അഞ്ചാം വയസ്സിലേക്ക്...




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം

## 2020 ഡിസംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 NOVEMBER 28

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
**നേർപഥം ക്വിസ്**
**MEGA**

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്‌ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**